JEEVA CARUNYAM CHRISTIAN NEWS PAPER
And now abideth faith, hope, charity, these three; but the greatest of these is charity

# ജീവകാരുണ്യം
ഒരു സമ്പൂർണ്ണ ക്രിസ്തീയ പത്രം

December 7, 2011 Vol. III Issue 6 Published from Flat No. 260 Rajaji Nagar, Trivandrum 1 Pages 8 Price Rupees Five

വിശ്വാസം, പ്രത്യാശ, ജീവകാരുണ്യം ഇതു മൂന്നും നിലനിൽക്കുന്നു ഇവയിൽ വലുതോ ജീവകാരുണ്യം തന്നെ.

## മുല്ലപ്പെരിയാർ
# മരണപ്പെരിയാറാകുന്നതിനു മുൻപ്

### ബന്ധപ്പെട്ടവർക്ക് വെളിവുണ്ടായെങ്കിൽ!

*മലയാളിമക്കളുടെ ആശങ്കയിൽ ജീവകാരുണ്യം പങ്കുചേരുന്നു.*

**സ്വന്തം ലേഖകൻ.**

മലമുകളിൽ ഒരു ജലബോംബ്. ഏതുനേരത്തും സ്ഫോടനം പ്രതീക്ഷിക്കാവുന്ന അവസ്ഥ. അതാണ് ഇന്ന് മുല്ലപ്പെരിയാർ. പണ്ടത്തെ നിർമ്മാണസാമഗ്രിയായ സുർക്കി ഉപയോഗിച്ച് ഇത് പണിയുമ്പോൾ 50 വർഷത്തെ ആയുസ്സാണ് പറഞ്ഞിരുന്നത്. പ്രതീക്ഷിച്ചതിന്റെ ഇരട്ടിക്കാലം ആ അണക്കെട്ടു നമ്മെ സേവിച്ചു. വൃഷ്ടിപ്രദേശങ്ങളിൽ നിന്ന് ഒഴുകിയെത്തിയ ജലത്തെ മുഴുവൻ താങ്ങിനിർത്തി കേരളത്തേയും വിശേഷാൽ തമിഴ്നാടിനേയും സേവിച്ചു വന്ന മുല്ലപ്പെരിയാർ ഇന്ന് ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയായി സഹ്യന്റെ നെഞ്ചിനുള്ളിൽ വിങ്ങിനില്ക്കുന്നു. മൂന്നു ജില്ലകളിലായി 35ലക്ഷം മനുഷ്യരാണ് ഇന്ന് ഭയത്തിൽ കഴിയുന്നത്. ന്യായങ്ങൾ പറയുന്നവർക്ക് ചെന്നൈയിലും ഡൽഹിയിലുമിരുന്നു പറഞ്ഞാൽ മതി. വെള്ളത്തിന്റെ ശക്തി ഇവരാരും ഒരിക്ക ലും അറിഞ്ഞിട്ടില്ല. മലമടക്കുകൾക്കിടയിൽ ഒരു സുനാമിഇരുണ്ടുകൂടിയിരിക്കുന്നു എന്നു ചിന്തിച്ചാൽ മതി.



മറ്റൊരു പുതിയ ഡാം പണിത് ഈ വിപത്ത് ഒഴിവാക്കാൻ കേരളം ശബ്ദമുയർത്താൻ തുടങ്ങിയിട്ട് കാലമേറെയായി. മുല്ലപ്പെരിയാർ ഡാമിൽ കാലാകാലങ്ങളിൽ പ്രത്യക്ഷപ്പെട്ട വിള്ളലും പൊട്ടലുമെല്ലാം ചെളികുഴച്ചടച്ച് പുറമെ വെള്ളപൂശി പൊതുജനത്തെ ആശ്വസിപ്പിക്കാൻ അധികൃതർ ശ്രമിച്ചുവന്നു. ഇന്നിപ്പോൾ അതിന്റെ ചുറ്റുവട്ടത്തായി ഭൂകമ്പങ്ങളുടെ ഒരു ഘോഷയാത്ര തന്നെ നടക്കുന്നു. റിക്ടർ സ്കെയിലിൽ 6നു മേൽ തീവ്രത രേഖപ്പെടുത്തുന്ന ഒരു ഭൂകമ്പമുണ്ടായാൽ മുല്ലപ്പെരിയാർ തകരുമെന്ന് വിദഗ്ദ്ധന്മാർ തുറന്നുപറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇനി എന്താണ് ഈ അധികാരികൾ കാത്തിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. തങ്ങളുടെ ഇച്ഛാശക്തി കൊണ്ടും ശക്തമായ മൗനം കൊണ്ടും സകല ഭൂകമ്പങ്ങളെയും കുറെനാളത്തേക്ക് സ്റ്റേ ചെയ്തിരിക്കയാണോ അധികാരവർഗ്ഗം. പ്രകൃതിദുരന്തങ്ങൾ ഫലപ്രദമായി പ്രവചിക്കാൻ സംവിധാനമില്ലാത്ത നമ്മുടെ ഗതികേട് സമ്മതിച്ചുകൊണ്ട് സാദ്ധ്യമായ എല്ലാക്കാര്യങ്ങളും ചെയ്ത് ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ മുൻകൈയ്യെടുക്കുകയാണ് വേണ്ടത്.

**ആരാന്റമ്മയ്ക്ക് പ്രാന്തിളകിയാൽ .....**

മുല്ലപ്പെരിയാർ ഭീഷണിയുയർത്തുന്നു എന്നത് കേരളത്തിന്റെ രാഷ്ട്രീയസ്റ്റണ്ടെന്നു പറയുന്ന നേതാക്കളെ ഈ ഡാമിന്റെ തൊട്ടുതാഴെക്കൊണ്ടുവന്നു താമസിപ്പിക്കേണ്ടതാണ്. അപ്പോഴേ ഇവർക്കിതിന്റെ ഭീകരാവസ്ഥ മനസ്സിലാകൂ.


(ശേഷം 6 -ാംപേജിൽ)

## ലണ്ടനിൽ 5000 പേരെ പോഷിപ്പിക്കാൻ ഉച്ചസദ്യ



യേശുക്രിസ്തു 5 അപ്പം വർദ്ധിപ്പിച്ചാണ് ആയ്യായിരത്തെ പോഷിപ്പിച്ചത്. ഇത് അതൊന്നുമല്ല. 5000 പേർക്ക് സൗജന്യഭക്ഷണം സംഘാടകർ പാചകം ചെയ്യുകയാണ്. ശരിക്കു മുഴുപ്പും ആകൃതിയൊന്നുമില്ലാതെ പോയതിന്റെ പേരിൽ സൂപ്പർമാർക്കറ്റുകാർ 'വെയിസ്റ്റ്' എന്നുപറഞ്ഞ് വലിച്ചെറിയുന്ന കായ്കനികളെ രുചികരമായ ഭക്ഷണമാക്കാം എന്ന് പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനുള്ള ശ്രമമാണ് ട്ര ഫൾഗർ സ്ക്വയറിൽ നടക്കാൻ പോകുന്നത്. യു.കെയിൽ ഉല്പാദിപ്പിക്കുന്നതിൽ പകുതിയോളം കാർഷികവിളകൾ എറിഞ്ഞുകളയുന്നതായാണ് കണക്ക്. വെയ്സ്റ്റ് : അൺകവറിങ് ദ ഗ്ലോബൽ ഫുഡ് സ്കാന്റൽ" എന്ന ഗ്രന്ഥത്തിന്റെ രചയിതാവായ ത്രിസ്ട്രാം സ്റ്റുവർട്ടിന്റെ ആശയമാണ് ഫെയർ ഷെയർ ഫ്രൺട്സ് ഓഫ് എർത്ത് തുടങ്ങിയ നിരവധി സംഘടനകൾ ചേർന്ന് നടപ്പിൽ വരുത്തുന്നത്. ഈ വൻപരിപാടിയിൽ സഹകരിക്കാമെന്ന് ലണ്ടൻ ബിഷപ്പ് സമ്മതിച്ചിട്ടുണ്ട്. ബിഷപ്പിനോടൊപ്പം ലണ്ടൻ മേയർ ബോറീസ് ജോൺസൻ, ലണ്ടൻ ഭക്ഷ്യകാര്യ മേധാവി റോയ്സ് ബോയിക്കോട്ട് എന്നിവരും പങ്കെടുക്കുന്നതാണ്.

## ക്ഷീരപഥത്തിനു നടുവിൽ ഉജ്ജ്വലതിളക്കമുള്ള കുമിളകൾ കണ്ടെത്തി




ഗാമാരശ്മികളെ വിസർജ്ജിക്കുന്ന രണ്ടു ഭീമൻ കുമിളകളെ ശാസ്ത്രജ്ഞർ കണ്ടെത്തി. ആകാശഗംഗ ഗ്യാലക്സിയുടെ മദ്ധ്യഭാഗത്തു കാണപ്പെടുന്ന ഇവയ്ക്ക് ദശലക്ഷക്കണക്കിനു വർഷങ്ങൾ പഴക്കമുള്ളതായി വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. വ്യക്തമായ ആകൃതിയുള്ളതും അതിശക്തമായ രശ്മികളെ പ്രസിരിപ്പിക്കുന്നതുമായ ഈ രണ്ട് കുമിളകളെ ക്ഷീരപഥത്തിൽ മറ്റെങ്ങും കണ്ടിട്ടില്ലാത്തതിനാൽ വളരെ കാര്യമായി ഇവയെപ്പറ്റി പഠിക്കുകയാണ് ശൂന്യാകാശ ശാസ്ത്രജ്ഞർ. സൂര്യൻ ഉൾപ്പെടുന്ന നക്ഷത്രസമൂഹമായ ക്ഷീരപഥത്തിന്റെ റേഡിയസ് (അരികിൽ നിന്ന് മദ്ധ്യത്തിൽ വരെയുള്ള ദൂരം) ഒരുലക്ഷം പ്രകാശവർഷമാണെന്ന് ഓർക്കണം. ആ ഭാഗത്താണ് ഉജ്വലതിളക്കത്തോടെ അജ്ഞാതകുമിളകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.

## ദളിത് ക്രൈസ്തവർ സോണിയാഗാന്ധിയെ സന്ദർശിച്ചു

ദളിത് ക്രിസ്ത്യാനികൾക്കും പട്ടികജാതി തുല്യപദവി ലഭ്യമാക്കുന്ന വിഷയത്തിൽ ജാഗ്രത കാട്ടണമെന്ന ആവശ്യവുമായി ദളിത ക്രൈസ്തവനേതാക്കൾ യു.പി.എ അദ്ധ്യക്ഷ സോണിയാഗാന്ധിയെയും ധനമന്ത്രി പ്രണബ് മുഖർജിയെയും കണ്ടു ചർച്ച ചെയ്തു.

എൻ.സി.സി.ഐയുടെയും സി.ബി.സി.ഐ, എൻ.സി.ഡി.സി തുടങ്ങിയ സംഘടനകളുടെയും പ്രതിനിധികളാണ് ചർച്ചയിൽ പങ്കെടുത്തത്. ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ന്യായമായ ആവശ്യത്തിനു മുൻപിൽ സർക്കാരുകൾ അലസനിലപാട് എടുക്കുന്നതിനെതിരെ ശ്രീ ഫ്രാങ്ക്ളിൻ സീസർ അമർഷം രേഖപ്പെടുത്തി. ഈ വിഷയത്തിൽ 2004 മുതൽ സുപ്രീംകോടതിയിൽ കേസ് നടത്തിവരുന്ന ആളാണ് ശ്രീ. സീസർ. യു.പി.എ അദ്ധ്യക്ഷ എന്ന നിലയിൽ അനുകൂലമായ നടപടി ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് മെമ്മോറാണ്ടം സമർപ്പിച്ചുകൊണ്ട് നേതാക്കൾ സോണിയാഗാന്ധിയോട് അഭ്യർത്ഥിച്ചു. മതപരമായ(അപ്പാർത്തീട്)വിവേചനം സ്വന്തം സഭകളിൽ പോലും അനുഭവിച്ചുകൊണ്ടിരിക്കുന്ന ദശലക്ഷക്കണക്കിനു ദളിത്ക്രിസ്ത്യാനികളോടുള്ള അനീതിയാണ് സർക്കാരിന്റെ അലംഭാവമെന്ന് നാഷണൽ കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻസ് കൺവീനർ കൂടിയായ സീസർ പറഞ്ഞു. റിട്ട് പെറ്റീനോട് ക്രിയാത്മകമായി പ്രതികരിക്കുക മാത്രമാണ് സർക്കാർ ചെയ്യേണ്ടതെന്ന് അദ്ദേഹം സൂചിപ്പിച്ചു. 2011 ഒടുവിൽ ഈ കേസിൽ കോടതി വാദം കേൾക്കുമെന്നറിയുന്നു. 1950ലെ ഓർഡിനൻസിന് ഭേദഗതി വരുന്നപക്ഷം ഏറ്റവും കുറഞ്ഞത് 17 ദശലക്ഷം ദളിത് ക്രിസ്ത്യാനികൾക്ക് അതിന്റെ ഗുണമുണ്ടാകുന്നതാണ്.

## ജെ.സി. പാറക്കടവിൽ വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തുന്നു



ദൈവഹിതമായാൽ ജെ.സി. പാറക്കടവിൽ തന്റെ വിദേശപര്യടനം കഴിഞ്ഞ് ഡിസംബർ 19ന് തിരുവനന്തപുരത്ത് മടങ്ങിയെത്തും. ഡിസംബർ പകുതി കഴിഞ്ഞാൽ താൻ സംബന്ധിക്കേണ്ട നിരവധി യോഗങ്ങളും നേരത്തെ ഡേറ്റു കൊടുത്തിട്ടുള്ള കൺവ ൻഷനുകളും പരിഗണിച്ചാണ് അവിടങ്ങളിൽ ശുശ്രൂഷയ്ക്ക് ധാരാളം അവസരം ഉണ്ടായിട്ടും തിരിച്ചെത്തുന്നത്.

ഈ യാത്ര എല്ലാ നിലകളിലും ഒരു വലിയ അനുഗ്രഹമായിരുന്നതായി അദ്ദേഹം ഫോണിൽ അറിയിച്ചു. ധാരാളം ദൈവമക്കൾ അദ്ദേഹത്തിന് ശുശ്രൂഷയ്ക്ക് അവസരം കൊടുക്കുകയും ജീവകാരുണ്യം പത്രത്തിന്റെ വരിക്കാരായി ചേരുകയും ചെയ്തു. കൂടാതെ പത്രത്തിന് വിദേശങ്ങളിൽ ചാപ്റ്റർ കൂട്ടായ്മകൾ ആരംഭിക്കുന്നതിനായി പ്രാരംഭപ്രവർത്തനങ്ങളും ചെയ്തുകഴിഞ്ഞു. സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

### I.P.C ജനറൽ കൺവെൻഷൻ സ്ഥലത്ത് ജീവകാരുണ്യം സ്റ്റാൾ ഉണ്ടായിരിക്കും.

കുമ്പനാട് : ഇന്ത്യപെന്തകോസ്ത് ദൈവ സഭയുടെ ജനറൽ കൺവെൻഷൻ ജനുവരി 8 മുതൽ 15 വരെ കുമ്പനാട് ഹെബ്രോൻ പുരത്ത് വച്ച് നടത്തുന്നു. ഈ സ്ഥലത്ത് പ്രവർത്തിക്കുന്ന ജീവകാരുണ്യം സ്റ്റാളിൽ വരിസംഖ്യ പുതുക്കുന്നതിനും വരിക്കാരായി ചേരുന്നതിനും മാസിക സംബന്ധമായ മറ്റു ആവശ്യങ്ങൾക്കും മാന്യവായനക്കാർ ഈ അവസരം പ്രയോജനപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു.

### ജെ.സി. പാറക്കടവിലിന് ഊമക്കത്തുകൾ. മറുപടി അടുത്തലക്കത്തിൽ വാർത്ത പേജ് 5 -ൽ

എഡിറ്റോറിയൽ

# സൽപ്പേര്

ഒരിക്കൽ ഒരു എട്ടാം ക്ലാസ്സ് വിദ്യാർത്ഥി ചോക്കും കരിക്കട്ടയും കൊണ്ട് സ്കൂൾകെട്ടിടത്തിന്റെ ചുവരുകളിൽ തന്റെ പേര് എഴുതിവെക്കുന്നത് അദ്ധ്യാപകൻ കണ്ടു. ആ വിദ്യാർത്ഥിയെ അടുക്കൽ വിളിച്ചിട്ട് അദ്ധ്യാപകൻ ചോദിച്ചു ഇങ്ങനെ ചെയ്യുന്നത് എന്താണു. അവൻ മറുപടിയൊന്നും പറഞ്ഞില്ല. ചുവരുകൾ വൃത്തിയാക്കാൻ മറ്റു കുട്ടികളോട് പറഞ്ഞുകൊണ്ടു നിൽക്കുമ്പോൾ, ചില വിദ്യാർത്ഥികൾ മുമ്പോട്ടു വന്നു ഇവന്റെ പേർ പ്രസിദ്ധിയാകാനാണു ഇങ്ങനെ ചെയ്യുന്നതെന്ന് അറിയിച്ചു. കാര്യം ബോധ്യമായ അദ്ധ്യാപകൻ പ്രസിദ്ധനാകാൻ ഇങ്ങനെയല്ല ചെയ്യേണ്ടതെന്നും, മേലിൽ ചുവരുകൾ വൃത്തികേടാക്കരുതെന്നും വിലക്കി.

ഒരാൾ പ്രസിദ്ധനാകാൻ തന്റെ പേരുകൾ എഴുതിവെക്കുന്ന വികൃതിത്തരമാണ് മുകളിൽ കണ്ടത്. തങ്ങളുടെ പേരുകൾ പ്രസിദ്ധമാക്കാൻ ജനങ്ങൾ വലിയ അദ്ധ്വാനം നടത്താറുണ്ട്. ലോകരാഷ്ട്രീയത്തിൽ ഇതൊരു പുത്തരിയല്ല. ഈ പ്രവണത ആത്മീയ മേഖലയിലും പുഷ്ടിപ്പെട്ടിട്ടുണ്ട്.

ആത്മീയമേഖലയിൽ ഒരാളുടെ പേര് വലുതാക്കുന്നത് അവനെ അനുഗ്രഹിക്കുന്നതിന്റെ ഭാഗമായിട്ടാണു."ഞാൻ നിന്നെ വലിയോരു ജാതിയാക്കും, നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും."(ഉല്പ:12 :2)ദൈവീക അനുഗ്രഹം എന്നത് സാമ്പത്തികം മാത്രമാണെന്ന് ചിന്തിക്കരുത്. ആത്മീയ അനുഗ്രഹങ്ങളുടെ ബോണസ്സാണ് സമ്പത്ത്. ഇവയൊന്നു തിരിച്ചറിഞ്ഞാൽ, സമ്പത്തിന്റെ പിറകെയുള്ള ഓട്ടത്തിനു വ്യത്യാസം വരുമായിരുന്നു.

ഉല്പ.11 :4 നോഹയുടെ തലമുറക്കാർ ശിനാർദേശത്ത് ആകാശത്തോളം എത്തുവാൻ ഗോപുരം പണിതു. അതിന്റെ ലക്ഷ്യം പലതാണെങ്കിലും അവയിൽ ഒന്നു "നമുക്കു ഒരു പേര് ഉണ്ടാക്കുക" എന്നതാണ്. ആ പദ്ധതിയെ ദൈവം തകർത്തു. അവരുടെ ഭാഷ കലക്കികളഞ്ഞു. ദൈവം ഒരുവന്റെയോ ഒരു സമൂഹത്തിന്റെയോ പേരു വലുതാക്കാൻ പദ്ധതിയിട്ടാൽ അത് സംഭവിക്കുകതന്നെ ചെയ്യും സംശയമില്ല. എന്നാൽ സ്വയം ഉയരുവാനും പേരുണ്ടാക്കാനും ശ്രമിക്കുന്നത്, അവസാനം വിനയാകും. നോഹയുടെ തലമുറയിൽ ദൈവീകപദ്ധതികൾക്കെതിരെയുള്ള ചിന്തയാണ്, ദൈവീകനിഷേധത്തിന്റെ ഉദാഹരണമായ ബാബേൽ ഗോപുരം.

ഇന്നത്തെ നമ്മുടെ ആത്മീയ മേഖലയിൽ കാണാൻ കഴിയുന്ന ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കുന്നത് അഭികാമ്യമായിരിക്കും. ഇപ്പോൾ കൺവെൻഷന്റെ സീസനാണല്ലോ. കൺവെൻഷൻ സംഘടിപ്പിക്കുന്നത് ഒരു സഭയോ, ഏതെങ്കിലും വ്യക്തിയോ ആയിരിക്കാം. പോസ്റ്ററുകളും ഫ്ളക്സ്ബോർഡുകളും മറ്റും ആവശ്യമാണ്. പ്രസംഗിക്കുന്നതാരാണെന്നറിയാൻ വേണ്ടി അദ്ദേഹത്തിന്റെ പേരും ഫോട്ടോയും കൊടുക്കുന്നതും ഉചിതമായിരിക്കും. സംഘടിപ്പിക്കുന്നവരുടെ പേരും, പണം ചെലവഴിക്കുന്നവരുടെ പേരും ഫോട്ടോയും ബാനറുകളിലും ബോർഡുകളിലും കാണുന്നു. സംഘാടകരുടെ ഒറ്റയ്ക്കോ കൂട്ടമായോ ഉള്ള ഫോട്ടോകൾ ചേർന്നാൽ കൺവെൻഷനു ജനം തടിച്ചുകൂടുമെന്ന ചിന്ത ശരിയോ എന്നു ആലോചിക്കുക. നമ്മുടെ ഫോട്ടോ പ്രദർശിപ്പിക്കാനുള്ള സംരംഭമാണോ കൺവെൻഷനുകൾ? ചില വർഷങ്ങൾക്കു മുൻപ് വരെ പ്രസംഗകരുടെ ഫോട്ടോ പോസ്റ്ററുകളിലും മറ്റും പതിപ്പിക്കാറില്ലായിരുന്നു. ചില സഭകൾ ഇപ്പോഴും അത് തുടരുകയാണ്. കൺവെൻഷനുകൾ നടത്തിപ്പുകാരുടെ ഫോട്ടോ പതിക്കാനുള്ള അവസരമായി കരുതാതെ, യേശുവിനെ ഉയർത്തുന്നതായിതീരട്ടെ.

യോഹന്നാൻസ്നാപകന്റെ ശുശ്രൂഷയും ശ്രദ്ധിക്കേണ്ടതുതന്നെ. തന്റെ അടുക്കൽ താൻ ആരാണെന്ന ചോദ്യവുമായി വന്നവരോട് അവൻ നൽകുന്ന ഉത്തരം മാതൃകയാക്കേണ്ടതാണ്. താൻക്രിസ്തുവല്ലെന്നും,ഏലിയാവല്ലെന്നും പ്രവാചകനല്ലെന്നും ഏറ്റു പറയുകയാണു. പിന്നെ നീ സ്നാനം കഴിപ്പിക്കുന്നതു എന്ത് എന്ന് അവർ ചോദിച്ചപ്പോൾ ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു. "എന്റെ പിന്നാലെ വരുന്നവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല". (യോഹ 1:19–28, മത്താ 3:11–17) അവൻ നിങ്ങളെ പരിശുദ്ധാത്മവിലും തീയിലും സ്നാനം ഏൽപ്പിക്കും. ഇതാണ്, യോഹന്നാന്റെ സാക്ഷ്യം നമ്മെ ഉയർത്തുന്നതിനെക്കാളും ക്രിസ്തുവിനെ ഉയർത്തുവാൻ ശ്രമിക്കുക. പുകഴ്ചയുടെ യാത്രാവിവരണങ്ങളും ഒഴിവാക്കിയിട്ട് യേശുവിനെ ഉയർത്താം. യോഹന്നാനെപ്പോലെ "ഞാനോ കുറയണം അവനോ വളരണം" എന്ന തീരുമാനത്തിൽ ഉറച്ചുനിൽക്കാം. കർത്താവ് നമ്മുടെ പേർ വലുതാക്കും.


ബൈബിളിൽ കർത്താവിൽ പ്രസിദ്ധനായ രൂഫോസിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു (റോമർ 16:13) രൂഫോസ് കർത്താവിൽ പ്രസിദ്ധനാകാൻ ഒരു ചരിത്രമുണ്ട്. യേശുവിനെ കാൽവറിമലയിലേക്കു കൊണ്ടു പോകുമ്പോൾ കുരിശ് ചുമക്കുവാൻ പോലും കഴിയാതെ അവശനായിരുന്നു എന്നു നാം വായിക്കുന്നു. അവർ പോകുമ്പോൾ ശിമോൻ എന്നു പേരുള്ള കുറേനക്കാരനെ കണ്ട് അവന്റെ കുരിശ് ചുമപ്പാൻ നിർബന്ധിച്ചു. (മത്താ 27:21, ലൂക്കോസ് 23:26) ശിമോൻ ചുമന്നതോടുകൂടി അവന്റെ ചരിത്രത്തെ ദൈവം തിരുത്തി എഴുതിയെന്നു വേണം വായിക്കാൻ. കുറേനക്കാരനും രണ്ട് മക്കൾ അലക്സാണ്ടറും, രൂഫോസും (മർക്കൊ 15:21) അലകസാണ്ടർ ഒരു സ്റ്റേറ്റിന്റെ ഭരണാധികാരിയും രൂഫോസ് കർത്താവിന്റെ വേലയിൽ വളരെപ്രയോജനപ്പെട്ടുവെന്നും ചരിത്രത്തിൽ നിന്നും ഗ്രഹിക്കുന്നു. രൂഫോസ് പ്രസിദ്ധനാകാൻ ഒരു ചരിത്രമുണ്ട്. അതു അപ്പൻ കുരിശ് ചുമന്നതിന്റെയാണ്. ഒരാൾ പ്രസിദ്ധനാകാൻ നല്ല അദ്ധ്വാനവും നല്ല ചരിത്രവും ഉണ്ടായിരിക്കും. ഒറ്റ ദിവസം കൊണ്ട് പ്രസിദ്ധരാകുന്നവരുണ്ട്. ഏറെക്കാലം അതു തുടരുകയില്ല.

ചിലർ പ്രസിദ്ധരാകാൻ വേണ്ടി വക്രബുദ്ധിയും സാഹസികതകളും ചെയ്യാറുണ്ട് അവയിൽ ഏറിയവരും കുപ്രസിദ്ധരാണ്. ചില കുപ്രസിദ്ധർ ഇന്ത്യാചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. ഇന്ത്യൻ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ഘാതകൻ നാഥുറാം വിനായക ഗോഡ്സെയെ മതഭ്രാന്തനാണെന്നു വിശേഷിപ്പിച്ചിരിക്കുന്നുവെങ്കിലും തനിക്കു പ്രസിദ്ധിയാർജിക്കുവാനാണു അത് ചെയ്തതെന്നു അവകാശപ്പെട്ടിട്ടുണ്ട്. വേദപുസ്തകത്തിൽ നല്ല പേർ സുഗന്ധതൈലത്തെക്കാളും ഉത്തമം(സഭാ 7:1) പേര് പ്രസിദ്ധിയാക്കാൻ പണിപ്പെടുന്നതിനെക്കാളും നല്ല പേരുണ്ടാക്കി അവയെ നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. എന്നാൽ നീതിമാൻ എന്നേക്കും ഓർമ്മയിലിരിക്കും. (സങ്കീ 112:6)

**ആർ.സി. കുഞ്ഞുമോൻ**

# അടിമസമ്പ്രദായം കേരളത്തിൽ

അഹിംസ, കർമ്മവാദം, സ്യാദ്വാദം എന്നിവയാണ് പ്രധാനതത്വങ്ങൾ. തെലുങ്ക്, കന്നട, തമിഴ് എന്നീ ഭാഷകൾക്കുവേണ്ടി ജൈനർ ചെയ്തസേവനം അമൂല്യമാണ്. തിരുവള്ളുവരുടെ തിരുക്കുറളിൽ ജൈനസിദ്ധാന്തങ്ങൾ അടങ്ങിയിരിക്കുന്നു. നാലടിയാർ, പഴമൊഴി നാനൂറ്, ജീവകചിന്താമണി, ചൂഡാമണി നിഘണ്ഡു, നന്നൂൽ മുതലായ തമിഴുകൃതികളെല്ലാം ജൈനപണ്ഡിതന്മാരുടെ സംഭാവനയാണ്.



സി.ഡി. തുമ്പോട്

കേരളത്തിൽ ജൈനമതാവശിഷ്ടങ്ങൾ പലഭാഗത്തും കാണപ്പെടുന്നു. കുഴിത്തുറയ്ക്കു സമീപം ചിതറാൽ എന്ന സ്ഥലത്തുള്ള കുന്നിനെ തിരുച്ചാരണത്തുമല എന്നാണ് പറഞ്ഞുവരുന്നത്. കുന്നിൻ മുകളിലെ വൻപാറയിലാണ് പ്രസിദ്ധമായ ഭഗവതി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. പുരാതനത്വംകൊണ്ടു ചിതറാൽ ദേവാലയവും ശ്രവണബെൽഗോളയെക്കാൾ താണതല്ല. എന്നാൽ ശ്രവണബെൽഗോളയ്ക്കു ലഭിച്ചിരുന്ന പ്രചാരണവും പ്രോത്സാഹനവും ഇല്ലാതെ വന്നതിനാൽ ചിതറാൽ ക്ഷേത്രം വിസ്മൃതിയിലാണ്ടുപോയി. ഇന്ത്യയിലെ പ്രധാന ജൈന സങ്കേതങ്ങളിലൊന്നായി തിരുച്ചാരണത്തുമല വിഖ്യാതി നേടിയിരുന്നു. മാനസാരയിൽ പരാമർശിച്ചു കാണുന്ന ജൈനമാതൃകയിലുള്ള ലക്ഷണയുക്തമായ രൂപസാദൃശ്യങ്ങൾ കൊത്തിവച്ചിട്ടുള്ളതായി ദർശിക്കാം. തിരുച്ചാരണത്തുമല എന്നാൽ ജൈനന്മാരുടെ പരിശുദ്ധമായ കുന്ന് എന്നാണ്. ഇവിടെ വന്നു പാർത്തിരുന്ന സന്യാസിമാർ അനേകം തീർത്ഥങ്കരന്മാരുടെ പ്രതിമകൾ കൊത്തിവച്ചിരിക്കുന്നു. ഇതെല്ലാം ചിതറാലിന്റെ പവിത്രതയും പ്രാധാന്യവും തെളിയിക്കുന്നു.

വിക്രമാദിത്യവരഗുണന്റെ കാലത്തു സ്ഥാപിതമായ ശാസനത്തിൽ ഭട്ടാരകർക്ക് ചില വഴിപാടുകൾ നടത്താൻ വ്യവസ്ഥ ചെയ്തിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നു ചിതറാൽ ഹിന്ദുക്കളുടെ ആരാധനാകേന്ദ്രമായിരിക്കുകയാണ്. ശ്രീമൂലം തിരുനാളിന്റെ കാലത്ത് ചില ജീർണ്ണോദ്ധാരണ പണികൾ സ്വീകരിച്ചിരുന്നതായി കാണുന്നു.

നാഗർകോവിൽ നഗരത്തിലെ നാഗരുടെ സ്വാമിക്ഷേത്രം പണ്ടൊരു ജൈനസങ്കേതമായിരുന്നു. കോ.വ. 697–ൽ വേണാടുവാണിരുന്ന ഭൂതലവീരഉദയമാർത്താണ്ഡവർമ്മ ആസ്ഥാപനത്തിലേക്കു പള്ളിച്ചന്തമായിട്ടു ചിലദാനങ്ങൾ ചെയ്തിരുന്നു. പെരുമ്പാവൂരിനു സമീപം കല്ലിൽ എന്ന സ്ഥലത്ത് ഒരു വലിയ പാറയിൽ ഗുഹയുണ്ട്. അവിടെ ജൈനമതത്തിലെ പ്രധാന ദേവതകളുടെ വിഗ്രഹങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ ഇവിടെ ബനിയസമുദായക്കാർ ജൈനക്ഷേത്രമെന്ന നിലയിൽ ആരാധന നടത്തി വരുന്നു.

കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പലഭാഗത്തും മാനസാരം, ബൃഹൽസംഹിത മുതലായ ഗ്രന്ഥങ്ങളിൽ ജൈനവിഗ്രഹത്തിനു കൊടുത്തിട്ടുള്ള ലക്ഷണങ്ങൾ തികഞ്ഞ ജൈനമതാവശിഷ്ടങ്ങൾ കാണപ്പെടുന്നു.

ജാതിയില്ലായ്മയായിരുന്നു ജൈന സംസ്കാരത്തിന്റെ ജീവൻ. തീണ്ടലും തൊടീലുമെന്നല്ല ജാതിഭേദത്തിന്റെ ലാഞ്ചന പോലും ഇല്ലാത്ത രാജ്യമായിരുന്നു. ചേരനാടും പാണ്ടിനാടും ജൈന–ബുദ്ധമതങ്ങൾക്കല്ലാതെ ചാതുർവർണ്യത്തിനു ഒരു പ്രകാരത്തിലും പറ്റിയതായിരുന്നില്ല.

**ബുദ്ധമതം**


ബ്രാഹ്മണമതം ബാഹ്യമായ ചട്ടങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെയും കെട്ടുപാടിൽ കുടുങ്ങി തുലോം അധഃപതിച്ചുപോയിരുന്നു. ജാതിവ്യത്യാസവും തജ്ജന്യമായ അനീതികളും അസമത്വങ്ങളും ഹൈന്ദവസമൂഹത്തെ മലീമസമാക്കുകയും ചെയ്തു. തന്നിമിത്തം ഒരു വമ്പിച്ചജനവിഭാഗം അസംതൃപ്തരായിത്തീർന്നു.

(തുടരും)

# ഓർമയിലൂടെ ...

തുടർച്ച

കൈ.റ്റി. വർഗീസ് കപ്പമാംമൂട്ടിൽ



കെ.റ്റി. വർഗീസ് കപ്പമാംമൂട്ടിൽ

ഏതു നല്ല ശീലവും കുടുംബത്തിൽനിന്ന് ആരംഭിക്കേണ്ടതു പോലെ പ്രാർഥനാചര്യയും കുടുംബത്തിലാണു തുടങ്ങേണ്ടത്. ഏഴു പതിറ്റാണ്ടിനപ്പുറമാണ് എന്റെ പിതാവും പിതാമഹനും പെന്തെക്കോസ്തിൽ വന്നത്. രാത്രിയുടെ യാമങ്ങളിലും അതിരാവിലെയും സ്തുതിസ്തോത്രങ്ങൾ ഉരുവിട്ടുകൊണ്ടുള്ള അവരുടെ പ്രാർത്ഥന ഇന്നും എന്റെ കർണപുടങ്ങളിൽ മുഴങ്ങിക്കേൾക്കുന്നുണ്ട്. ചെറുപ്പത്തിൽ ലഭിച്ച പ്രാർഥനാശീലം ഇപ്പോഴും തുടരുവാൻ കഴിയുന്നു.

എന്നാൽ, ദൈവത്തെ പരമാർത്ഥമായി സേവിച്ചതിന്റെ ഫലമായി അനുഗ്രഹിക്കപ്പെട്ട പലരുടെയും തലമുറകൾ അവർ പാർക്കുന്ന നാടിന്റെ സംസ്കാരച്യുതിയിൽപെട്ടു പോകുന്നത് ഇന്നു പരക്കെ കണ്ടുവരികയാണ്. പലരും അന്യനാട്ടിലെ കുത്തഴിഞ്ഞ ജീവിതശൈലിക്കു അടിമപ്പെടുകയാണ്. മാതാപിതാക്കളെ ധിക്കരിക്കുന്ന രീതി, കുടുംബഭദ്രതയ്ക്കു ഊന്നൽ നൽകാത്ത ജീവിതം എന്നിവ അവരുടെ ശൈലിയായിക്കഴിഞ്ഞിരിക്കുകയാണ്. അർഥമുള്ള ആത്മീയതയില്ലാതെ സ്തുതിയും ആരാധനയും എന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നതിനാണു യുവതലമുറയ്ക്കു ഹരം. വാദ്യമേളങ്ങളുടെ അകമ്പടിയോടെ അവർ കാണിക്കുന്നതിന് ഒരു അന്തവുമില്ല.

അടുത്തകാലത്ത് എന്നെ ഞെട്ടിപ്പിച്ച ഒരു സംഭവം നടന്നു. ഒരു ബഹുമാന്യനായ പിതാവ് അതിരാവിലെ എഴുന്നേറ്റു പാട്ടുപാടി പ്രാർഥിച്ചപ്പോൾ, മേലാൽ പാടരുതെന്ന് ഒരു കൊച്ചുമകൻ പറഞ്ഞതാണത്. ഉന്നതമായ ജീവിതശൈലിയിൽ പ്രാർഥന അസൗകര്യമായിത്തീരുകയാണിവിടെ. മക്കളുടെയും കൊച്ചുമക്കളുടെയും ആത്മീയ, ഭൗതിക സമൃദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുന്ന വല്യപ്പനെവിടെ, ആധുനികനായ കൊച്ചുമകനെവിടെ?

മലയാളി പെന്തക്കോസ്തുകാരായ നാം തനതായ ഒരു ആത്മീയതയുടെ ഉടമകളാണ്. അവ കാത്തുസൂക്ഷിക്കാൻ നമുക്കു കഴിയണം. വ്യക്തിപരമായ പ്രാർഥനാശൈലിയും വിശുദ്ധജീവിതവും മാറ്റി വച്ചിട്ട് നമുക്ക് ഒരു ആത്മീയതയില്ല. നല്ലതിനെ മാത്രം മുറുകെപ്പിടിച്ച്, തീയതിനെ പുറംതള്ളണം. ദൈവകൃപയും ദർശനവും പ്രാപിച്ച് സാക്ഷ്യമുള്ള ജീവിതം ഏതു സാഹചര്യത്തിലും എവിടെയും കാഴ്ച വയ്ക്കുക എന്നതായിരിക്കട്ടെ നമ്മുടെ മുഖമുദ്ര.

ദൈവസംസർഗത്തിൽ പ്രാർഥനാജീവിതം നയിക്കുന്നതു വഴി, ദൈവാനുരൂപമായ ജീവിതം നമ്മിൽ സൃഷ്ടിച്ചെടുക്കാം. ദൈവത്തെ നോക്കുന്ന, ദൈവത്തിൽ മാത്രം ആശ്രയിക്കുന്ന ഒരു ജീവിതശൈലി നമുക്കു കാട്ടിക്കൊടുക്കുവാനും നമ്മുടെ പിൻതലമുറയ്ക്ക് അത് ഏറ്റുവാങ്ങുവാനും കഴിയട്ടെ.

**നാം ദീപമാണോ?**

സമൂഹം ഇന്നു വളരെ രോഗഗ്രസ്ഥമായിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്ര, സാങ്കേതിക മണ്ഡലങ്ങളിൽ ഉയർച്ച പ്രാപിക്കുമ്പോഴും ഒരു തരത്തിലുള്ള തളർച്ച മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസരംഗത്തു വിപ്ലവകരമായ പ്രവർത്തനങ്ങൾക്കു ഉപാധിയായ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങൾ മലീമസമായ സംസ്കാരത്തിനു വഴിമരുന്നിടുകയല്ലേ? സമ്പത്തും സുഖസൗകര്യങ്ങളുമൊക്കെ ലഭിച്ചപ്പോൾ നാം ഉൾപ്പെടുന്ന പെന്തെക്കോസ്തു സമൂഹവും ജീർണതയുടെ ബീജവാഹികളായിത്തീർന്നിട്ടില്ലേ എന്നു ചോദിച്ചാൽ, ഇല്ല എന്ന് ആർക്കാണു പറയുവാൻ കഴിയുന്നത്.

പ്രഥമമായി, ദൈവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയിൽ വ്യതിയാനം സംഭവിച്ചു. എല്ലാം കാണുന്നവനും എല്ലാം അറിയുന്നവനുമായിരുന്നു നമുക്കു ഒരു കാലത്തു ദൈവം. എന്നാൽ, ഇന്നു സ്വന്തം പദ്ധതികളെ സഹായിക്കാനുള്ള വ്യക്തിയായി നാം ദൈവത്തെ കാണുകയും അതിനായി മാത്രം നാം അവിടുത്തെ കൂട്ടുപിടിക്കുകയും ചെയ്യുകയാണ്.

ആത്മികരംഗത്തു നേതൃത്വം കൊടുക്കുന്നവർ പോലും സ്വയം ഉത്തമന്മാർ എന്നു നടിച്ച് തെറ്റും–ശരിയും ഗൗനിക്കാതെ അധമമായതിനെ താലോലിക്കുന്ന കാഴ്ചയാണ് എവിടെയും "ഉത്തമനോ ഉത്തമകാര്യങ്ങളെ ചിന്തിക്കുന്നു"(യെശ 32:8) എന്ന വേദവാക്യം അവർക്കന്യമാണ്. ആദർശങ്ങൾ പ്രസംഗിക്കുമ്പോഴും അവ അനുവർത്തിക്കാൻ കഴിയാത്തവരാണ് ഇക്കൂട്ടരിലധികവും.

(തുടരും)

ചിന്താരത്നം

# കാറിനുള്ളിലൊരു ജനനം



ജെ. സി. പാറക്കടവിൽ

വിമാനത്തിനുള്ളിലും ബന്തുള്ള നമ്മുടെ നാട്ടിൽ ബസ്സിലും കാറിലും പോലീസ് വാനിൽപോലും പ്രസവം നടക്കുന്ന കാലമാണിത്. അതിനാൽ തന്നെ കാറിലുള്ള ജനനം അത്ര വാർത്താ പ്രാധാന്യമുള്ളതല്ല. പക്ഷെ ഇത് അതൊന്നുമല്ല. പ്രസവം നടന്നില്ല പക്ഷെ ജനനം നടക്കുകയും ചെയ്തു. ഇതെന്താ പരസ്പരബന്ധമില്ലാത്ത കാര്യങ്ങൾ ചിന്താരത്നത്തിൽ പറയുന്നതെന്നാവും പ്രിയപ്പെട്ടവരുടെ സംശയം. ആദ്യമേ പ റഞ്ഞേക്കാം ഇത് സ്ത്രീ പ്രസവിച്ചുള്ള ജനനമല്ല മറിച്ച് വീണ്ടും ജനനം. അതെ കാറിനുള്ളിൽ ഒ രാൾ വചനം എന്ന ബീജം ഹൃദയത്തിൽ വീണ് പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. സ്വർഗ്ഗം സന്തോഷിക്കുന്ന കാ ര്യമാകയാൽ അത് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

നവംബർ 14 തിങ്കളാഴ്ച ഞാൻ താമസിക്കുന്ന വീട്ടിൽ തന്നെയുണ്ടായിരുന്നു. വൈകീട്ട് 5മണിക്ക് എനിക്കൊരു ഫോൺ വന്നു. എന്റെ സുഹൃത്ത് ആന്റണിയായിരുന്നു അങ്ങേത്തലയ്ക്കൽ. “പാസ്റ്റർ ഫ്രീയാണോ, ഞങ്ങളൊരാളെ കൊണ്ടുവരുന്നുണ്ട് ഒന്ന് സംസാരിക്കണം”. ഞാൻ അനുവാദം കൊടുത്തു. അന്നു പകലെല്ലാം എഴുത്തും പ്രാർത്ഥനയുമായി ചിലവഴിക്കുകയായിരുന്നു. യാതൊരു ശല്യങ്ങളും ഉണ്ടാകാത്ത ഒരു വലിയമുറി വീട്ടുകാർ എനിക്കായി ഒഴിഞ്ഞുതന്നിരുന്നു. കുട്ടികളാരും അങ്ങോട്ടേയ്ക്ക് വന്ന് ശല്യപ്പെടുത്താതിരിക്കാൻ അവർ അങ്ങേയറ്റം ശ്രദ്ധിച്ചു. നാട്ടിലെ തിരക്കുള്ള എന്റെ പ്രോഗ്രാം വച്ചു നോക്കുമ്പോൾ എന്റെ വിദേശപര്യടനം ഒരു അവധിക്കാല യാത്ര പോലെയായിരുന്നു. എഴുതാനും വായിക്കാനും പ്രാർത്ഥിക്കാനും ധാരാളം സമയം കിട്ടി. തികഞ്ഞ നിശബ്ദത ഉറപ്പാക്കപ്പെട്ട ഒരു മുറി ലഭിക്കുക എന്നത് ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം ഇത്തരുണത്തിൽ ഒരു ഭാഗ്യമാണ്. കർത്താവ് ആ ഭാഗ്യം എനിക്കായി ഒരുക്കി. പകലോ രാത്രിയോ മനുഷ്യരുടെ ശബ്ദമോ നാട്ടിലെപ്പോലെ കിളികളുടെയുൾപ്പെടെ മറ്റു ശബ്ദങ്ങളോ ഇല്ലാത്ത ഏകാന്തതയിൽ ദൈവശബ്ദം ശ്രദ്ധിക്കാനും ദൈവസാന്നിദ്ധ്യം അനുഭവിക്കാനും ഏറെക്കഴിഞ്ഞു. മുറിയുടെ ഭിത്തിയിൽ വച്ചിരുന്ന ക്ലോക്കിന്റെ ശബ്ദം മാത്രം ഒരു ഹൃദയമിടിപ്പുപോലെ നിലയ്ക്കാതെ കേട്ടുകൊണ്ടിരുന്നു. അളവും തൂക്കവുമില്ലാതെ ഒഴുകുന്ന നിശബ്ദസമയത്തെ അളന്നു മുറിച്ചു നമ്മുടെ മുമ്പിലിട്ടുതരുന്ന ഘടികാരത്തിന്റെ ശകാരശബ്ദം. മൊത്തമുള്ള ആയുസ്സിൽ നിന്ന് ഓരോ നിമിഷങ്ങൾ ക്ഷണങ്ങളായി മുറിച്ചു മാറ്റുന്ന ശബ്ദമായും ഘടികാരസ്വരത്തെ കണക്കാക്കണം. അനുനിമിഷം നാം മരണത്തോടടുക്കുകയാണ്. ആയുസ്സു തീരുന്ന മെഴുകുതിരി ഉരുകിത്തീരും പോലെ. ക്ലോക്കിന്റെ ടക് ടക് ശബ്ദം ഗൗരവമായി ശ്രദ്ധിക്കാത്തത് ഒരു കുറ്റമാകുന്നതിവിടെയാണ്. സമയം രാത്രി 8 ആയി. വീണ്ടും ഫോൺ. അവർ റോഡിൽ എത്തിയിട്ടുണ്ട്, ഇറങ്ങിച്ചെല്ലാൻ. ഞാൻ വേഗം ഇറങ്ങിച്ചെന്നു. കറുത്തൊരു കാറാണ് എന്റെ സുഹൃത്തിന്റേത്. ജപ്പാന്റെ നിസ്സാൻ. അദ്ദേഹവും കറുത്തിട്ടാണ്, കാറിന്റത്രേം വരില്ല. ഭാര്യ സീനാ വെളുത്തിട്ടാണ്. പക്ഷെ അതിന്റെ അഹങ്കാരമൊന്നും അതിനില്ല. ഒരു പാവം. നിറമുള്ളവന്റെ അഹങ്കാരമാണല്ലോ ഇൻഡ്യയിലെ ഒരു പ്രധാന പ്രശ്നം. നിറത്തെപ്പറ്റിപ്പറയുമ്പോൾ ആന്റണി പറയും, “കറുപ്പിന് 7 അഴകാണ് ബാക്കി 93ഉം വെളുപ്പിനാണെന്ന്”.

ഇവർ രണ്ടാളും തിരുവനന്തപുരംകാരാണ്. ആന്റണി ഒരു നല്ല തബലിസ്റ്റാണ്. കമ്പനിയിൽ ജോലിയുണ്ട്. ഭാര്യ നല്ലൊരു ബ്യൂട്ടീഷ്യനും. നാട്ടിൽ കത്തോലിക്കാ പാരമ്പര്യത്തിലായിരുന്ന സഹോദരൻ മദ്യപാനത്തിന് അടിമയായിരുന്നു. നാട്ടിൽ ആർക്കും വഴങ്ങാത്ത പല വീരന്മാരെയും ദൈവം ഗൾഫിൽ കൊണ്ടുവന്നിട്ട് ശരിപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വന്നാണ് രക്ഷിക്കപ്പെട്ടത്. ഇന്ന് വളരെ സന്തോഷമുള്ള ഒരു കുടുംബജീവിതം നയിക്കുന്നു രണ്ടാളും. മദ്യം തരാത്ത, പണത്തിനു തരാൻ കഴിയാത്ത ലോകത്തിന് എടുത്തു കളയാൻ കഴിയാത്ത സമാധാനമാണ് യേശു തന്നിൽ ആശ്രയിക്കുന്നവർക്ക് നല്കുന്നത്. അതും സൗജന്യമായി. ഈ സമാധാനത്തിന് എന്തു വിലയിടാം, 100 മില്യൻ? (ഒരു മില്യൻ പത്തു ലക്ഷമാണ്) ഞാൻ ചെല്ലുമ്പോൾ കാറിൽ നാലു പേരുണ്ട്. ഡ്രൈവിങ് സീറ്റിൽ ആന്റണി. പുറകിലത്തെ സീറ്റിൽ ആന്റണിയുടെ ഭാര്യ സീന. കൂടെ കോ ട്ടയം കഞ്ഞിക്കുഴിക്കാരി സഹോദരി ജിനു. മറ്റൊരു ബ്യൂട്ടീഷ്യനാണ്. മുമ്പിലുള്ള മറ്റെ സീറ്റിൽ ഇരിക്കുന്നയാളെ എനിക്കു പരിചയമില്ല. ആന്റണി ഇറങ്ങിവന്ന് എന്നെ സ്വീകരിച്ചു. പുറത്ത് തണുപ്പുണ്ടായിരുന്നു. ഡ്രൈവിങ് സീറ്റിൽ എന്നെ ഇരുത്തിയിട്ട് അദ്ദേഹം പുറകിൽ ഭാര്യയോടൊപ്പം ഇരുന്നു. അടുത്ത സീറ്റിലെ ആളിനെ ഞാൻ ശ്രദ്ധിച്ചുനോക്കി 40 കഴിഞ്ഞ ഒരു മദ്ധ്യവയസ്കനാണ്. ചെറുതായി നര തുടങ്ങിയിട്ടുണ്ട്. അദ്ദേഹം എന്നെ നോക്കി പുഞ്ചിരിച്ചു. ഞാനും. ഊരും പേരുമെല്ലാം പറഞ്ഞ് ഞങ്ങൾ പരിചയപ്പെട്ടു. അദ്ദേഹവും തെക്കുള്ള ആളാണ്. 15 വർഷങ്ങളായി നാടുവിട്ടിട്ട്, ക്രിസ്ത്യാനിയല്ല. രണ്ടുതവണ ഒരു ആരാധനയ്ക്കു പോയ പരിചയമുണ്ട് എന്ന് ആന്റണി എനിക്കു പറഞ്ഞുതന്നു. ആത്മീകകാര്യങ്ങളെപറ്റി അദ്ദേഹത്തിന്റെ ബോദ്ധ്യങ്ങളെപ്പറ്റിയറിയാൻ ചില കാര്യങ്ങൾ ചോദിച്ചു. ഒരു നല്ല മനസ്സിന്റെ ഉടമയാണ് അദ്ദേഹം എന്ന് എനിക്കു മനസ്സിലായി. പുകവലി ഉൾപ്പെടെ അത്യാവശ്യം ദുഃശ്ശീലങ്ങളും കൂട്ടിനുണ്ട്. ഒരാൾ രക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഞാൻ പറഞ്ഞു. തുടർന്ന് എങ്ങനെ രക്ഷിക്കപ്പെടാം എന്ന് പറഞ്ഞു. എല്ലാം അദ്ദേഹം ശ്രദ്ധിച്ചു കേട്ടു. രക്ഷകനെ അംഗീകരിക്കാൻ ആഗ്രഹമുണ്ടോ എന്ന് ഒടുവിൽ ഞാൻ ചോദിച്ചു. തീർച്ചയായും ഉണ്ട് എന്ന് ഉറച്ച മറുപടി. നമുക്ക് പ്രാർത്ഥിക്കാം എന്നു ഞാൻ പറഞ്ഞു. ഞങ്ങൾ എല്ലാവരും ചേർന്ന് സ്തുതിസ്തോത്രങ്ങളോടെ അല്പനേരം ദൈവത്തെ ആരാധിച്ചു. ദൈവസാന്നിദ്ധ്യം ആ ഇടുങ്ങിയ കാറിലേക്ക് ഇറങ്ങിവന്നു. ദൈവവചനം അതുതന്നെയാണല്ലോ പഠിപ്പിക്കുന്നത്. സ്തോത്രത്തോടെ വേണം അവന്റെ വാതിലുകളിൽ ചെല്ലാൻ എന്ന് സങ്കീർത്തനം 100. സ്തോത്രമെന്നത് യാഗമാണെന്ന് 50–ാം സങ്കീർത്തനം. ദൈവം വസിക്കുന്നത് നാലുകെട്ടുകളിലല്ല യിസ്രായേലിന്റെ സ്തുതികളുടെ മേലാണ് എന്ന ഉദാത്തസത്യം ബൈബിൾ പഠിപ്പിക്കുന്നു. ദൈവത്തിന് ഇറങ്ങിവന്ന് ഇരിയ്ക്കാൻ ഇട്ടുകൊടുക്കുന്ന സിംഹാസനമാണ് നാം പറയുന്ന സ്തോത്രം. ഇതാണ് അധരഫലമെന്ന സ് തോത്രയാഗം. ഞങ്ങളെല്ലാം കാറിനുള്ളിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. കുറെക്കഴിഞ്ഞ് ഞാൻ പറഞ്ഞുകൊടുക്കു ന്ന പ്രാർത്ഥന ആ സഹോദരൻ ഉത്സാഹത്തോടെ ഏറ്റുപ്രാർത്ഥിച്ചു. കർത്താവായ യേശുവെ, ഞാനൊരു പാപിയാണെന്ന് സമ്മതിക്കുന്നു. അവിടുന്ന് ക്രൂശിന്മേൽ മരിച്ചത് എന്റെ പാപത്തിനു പരിഹാരമുണ്ടാകുന്നതിനു വേണ്ടിയായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ അങ്ങയെ ഞാനിപ്പോൾ എന്റെ രക്ഷകനും കർത്താവുമായി സ്വീകരിച്ചുകൊള്ളുന്നു. എന്റെ പാപങ്ങൾ ക്ഷമിച്ച് എന്റെ പേരും സ്വർഗ്ഗത്തിലെ ജീവന്റെ പുസ്തകത്തിൽ എഴുതേണമേ. ഞാനിന്നുമുതൽ അങ്ങയുടെ മകനായി ജീവിച്ചുകൊള്ളാം. ആമേൻ. പ്രാർത്ഥനയ്ക്കിടയിൽ പല ഘട്ടങ്ങളിലും ആ സഹോദരൻ കരയുന്നുണ്ടായിരുന്നു. പലപ്പോഴും കരച്ചിൽ കാരണം ശബ്ദം മുറിഞ്ഞു. വാസ്തവമായുള്ള ഒരു മാനസ്സാന്തരാനുഭവമായിരുന്നു അത് എന്ന് ഞങ്ങൾ അറിഞ്ഞു.

പ്രാർത്ഥനയ്ക്കു ശേഷം ചില ഉപദേശങ്ങൾ അദ്ദേഹത്തിന് കൊടുക്കയുണ്ടായി. താൻ ദൈവരാജ്യത്തിൽ ഇപ്പോൾ ജനിച്ചുവീണ ഒരു ശിശു ആണെന്നും വളരാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിക്കണമെന്നും മുടങ്ങാതെ പ്രാർത്ഥിക്കണമെന്നും കൂട്ടായ്മകളിൽ കൃത്യമായി സംബന്ധിക്കണമെന്നും നിർദ്ദേശിച്ചത് അദ്ദേഹം സമ്മതിച്ചു. മറ്റൊരവസരത്തിൽ കാണാം എന്നുപറഞ്ഞ് ഞാൻ തിരിച്ചുപോന്നു. ആ സഹോദരന്റെ നിലനില്പിനായി താങ്കളും പ്രാർത്ഥിക്കണം.


ഓഫീസ് അഡ്രസ്സ് & ഫോൺ

ദ എഡിറ്റർ, ജീവകാരുണ്യം,
തമ്പാനൂർ, തിരുവനന്തപുരം – 1
ഫോൺ : 9446040239
ഇ–മെയിൽ
jcparakkadavil@yahoo.com
goodmorningjc@gmail.com


ബാങ്ക് അക്കൗണ്ട് നമ്പറുകൾ

S.B.T A/c. No: 57037053957,
S.B.I A/c . No: 31016240219

# എമ്മവൂസിലേയ്ക്ക് മടങ്ങുന്ന ശിഷ്യന്മാർ

(തുടർച്ച)



ബഞ്ചമിൻ ഇടക്കര

എമ്മവൂസിലേയ്ക്കു പോയ ശിഷ്യരെപ്പോലെ ജീവിതത്തിന്റെ പരിശോധനാഘട്ടങ്ങളിലും പരാജയവേളകളിലും യെരൂശലേംവിട്ട് പഴയവീട്ടിലേയ്ക്കു പോകാൻ നാമും തുനിഞ്ഞിട്ടില്ലേ? മനസ്സിലാക്കാൻ വേണ്ടി ഞാൻ പറഞ്ഞുവരുന്ന കാര്യത്തി ന് ഒരാത്മീയ പരിവേഷം നൽകിക്കൊള്ളട്ടെ. യെരൂശലേമിലാണല്ലോ യേശു ക്രൂശിക്കപ്പെട്ടത്. ജീവിതത്തിലെ പരിശോധനാ വേളയിൽ ക്രൂശിന്റെ അടുത്തു നിന്നും ഓടിയകലുന്ന നമ്മുടെ ചിത്രം ഈ ശിഷ്യരിൽ കാണുന്നില്ലേ? പ്രശ്നങ്ങളും പ്രതിസന്ധി കളുമുണ്ടാകുമ്പോൾ നാം ക്രൂശി ന്റെ ചുവട്ടിൽ അഭയം തേടണമെന്നാണ് സ്വർഗ്ഗീയപിതാവിന്റെ ആഗ്രഹം. പക്ഷെ അത്തരം സന്ദർഭങ്ങളിൽ നിരാശയും അവിശ്വാസവും വളർത്തി ക്രൂശിൽ നിന്ന് നമ്മെ അകറ്റി നിർത്തുവാനാണ് പിശാച് ശ്രമിക്കാറ്. യേശുവും പിശാചും തമ്മിലുള്ള വ്യത്യാസം ഈ സംഭവത്തിൽ നമുക്കു ദർശിക്കാനാകും. ക്രൂശിന്റെ ചുവട്ടിൽ നിന്നും യൂദായെ അകറ്റിയതുപോലെ ഇവരെ അകറ്റിക്കൊണ്ടു പോകുന്നതിന് പിശാചിന് പ്രത്യേക ലക്ഷ്യമുണ്ടായിരുന്നു. മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും വരുന്ന കള്ളനാണവനെന്ന് യേശു പറഞ്ഞതെത്ര ശരിയാണ്! എന്നാൽ യേശുവിലുള്ളവർ ക്ക് സമൃദ്ധിയായ ജീവൻ നൽകുവാൻ അവൻ ലോകാവസാനത്തോളം നമ്മോടുകൂടെ വരുമെന്ന സത്യവും ഈ സംഭവം നമുക്കുറപ്പു നൽകുന്നുണ്ട്. എമ്മവൂസിലേയ്ക്കു പോയ ഈ ശിഷ്യന്മാർ മറ്റൊരു പാഠം കൂടി ന മ്മളെ പഠിപ്പിക്കുന്നു. തങ്ങൾ എമ്മവൂസിലേയ്ക്ക് യാത്ര ചെയ്യുമ്പോഴും യേശുവിന്റെ മറ്റുള്ള ശിഷ്യന്മാരും കൂട്ടരും യെരൂശലേമിൽ തന്നെ പ്രാ ർത്ഥനയോടെ കാത്തിരിയ്ക്കയായിരുന്നു. ചുരുക്കത്തിൽ തങ്ങളുടെ സ ഹോദരന്മാരേയും കൂട്ടായ്മയേയും ഉപേക്ഷിച്ചുള്ള യാത്രയായിരുന്നു അവരുടേത്. പ്രതികൂല കാറ്റുകൾ ജീവിതത്തിൽ ആഞ്ഞടിച്ചപ്പോൾ സഭായോഗങ്ങൾ മുടക്കിയതും സഹോദരന്മാരിൽ നിന്ന് അന്യപ്പെട്ടതും പിശാചിന്റെ തന്ത്രമായിരുന്നുവെന്ന് നാം തിരിച്ചറിയണം. കൂട്ടായ്മകളും കൂട്ടുകാരും പ്രാർത്ഥനയും അധികം ആ വശ്യമുള്ളത് പരിശോധനാ വേളയിലാണ്. വളർച്ചയുടെ ഘട്ടങ്ങളിൽ മാതാപിതാക്കളും ഗുരുക്കന്മാരും കൂടിയിരുന്നതുപോലെ ആത്മീയ വളർച്ചയുടെ സമയങ്ങളിൽ പരിശോധനാ വേളകളിൽ ദൈവസഭയുടെ സാമീപ്യം ഒഴിച്ചുകൂടാനാവാത്തതാണ്. ഒരുപക്ഷെ എമ്മവൂസിലെയ്ക്ക് മടങ്ങിപ്പോകുന്ന ശിഷ്യന്മാർക്ക് ഈ ആവശ്യബോധം ഉണ്ടായിരുന്നിരിക്കില്ല. അവരുടെ പുറകെ ഓടിയെത്തിയ യേശുവിന്റെ ആത്മാവുള്ളവർക്കേ അവരിൽ ഈ ആവശ്യബോധം ജനിപ്പിക്കാൻ കഴിയുകയുള്ളൂ.

ആത്മീയജീവിതത്തിൽ തളർന്നുപോയ ഒരാളെ ജീവനിലേയ്ക്ക് മടക്കിക്കൊണ്ടു വരുവാൻ യേശു ഉപയോഗിച്ച മാർഗ്ഗം തിരുവെഴുത്തുകളെ വ്യാഖ്യാനിച്ചു കൊടുക്കുക എന്നതായിരുന്നു. അതിനോളം ശക്തമായ മറ്റൊരു മാർഗ്ഗവുമില്ലെന്ന് അവരുടെ പ്രതികരണത്തിൽ നിന്ന് നമുക്കു മനസ്സിലാക്കാം.‘അവൻ നമ്മോടു വഴിയിൽ സംസാരിച്ച തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മു ടെ ഹൃദയം നമ്മുടെയുള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?’ ഓട്ടം നിലച്ച വാഹനത്തിന് ജമ്പ് സ്റ്റാർട്ട് നൽകി ചാർജ്ജു ചെയ്തതുപോലെ ആയിരുന്നുവല്ലോ അവരുടെ പിന്നീടുള്ള പ്രതികരണം. ആ നാഴികയിൽ തന്നെ അവർ എഴുന്നേറ്റ് യെരൂശലേമിലേയ്ക്ക് മടങ്ങിപ്പോന്നു. പിന്നീട് ആ രാത്രിയിൽ യെരൂശലേമിലേയ്ക്കുള്ള യാത്രയിൽ കൂട്ടിന് യേശു ഉണ്ടായിരുന്നുവെന്ന് നാം വായിക്കുന്നില്ലേ? ഉ ള്ളിൽ കത്തിക്കൊണ്ടിരുന്ന തിരുവെഴുത്തിന്റെ ജ്വാല അവർക്കതിന് കരുത്തേകി. അങ്ങകലെയുള്ള കുരിശിന് പുതിയ മാനം നൽകി. പതിനൊരുവരുമായുള്ള പുനഃസമാഗമനത്തിന് ഉ യർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പിൻബലം ആവേശം പകർന്നു. അതെ! എമ്മവൂസിൽ നിന്ന് യെരൂശലേമിലേയ്ക്കു മടങ്ങിയ ശിഷ്യന്മാർ കുറേക്കൂടി വളർന്നിരിക്കുന്നു. ആ വളർച്ചയിൽ ക്രൂശിന്റെ സാക്ഷിയാകാനുള്ള ധൈര്യവും വർദ്ധിച്ചു. ചരിത്രവും സാഹചര്യവുമെല്ലാം മാറ്റമില്ലാതിരുന്നിട്ടും അവരിൽ സന്തോഷം തിരതല്ലുന്നുണ്ടായിരുന്നു. ഈ ചിന്ത ഇവിടെ അവസാനിപ്പിക്കും മുമ്പെ ഞാനൊന്നു ചോദിച്ചോട്ടെ, നാം ഇപ്പോൾ എവിടേയ്ക്കുള്ള യാത്രയിലാണ് ? എമ്മവൂസിലാണ് ഇപ്പോഴെങ്കിൽ യെരൂശലേമിലേയ്ക്ക് മടങ്ങിപ്പോകാൻ ഇനി അമാന്തിക്കേണ്ട. (അവസാനിച്ചു)

(ജി. എം. ന്യൂസിനോട് കടപ്പാട്)

## സഭകളെ പ്രാർത്ഥന കൊണ്ടു നിറയ്ക്കാൻ ആൽഫാ ടീം ഒരുങ്ങുന്നു

2012 നെ പ്രാർത്ഥനാവർഷമായി പരിഗണിച്ച് പ്രാർത്ഥനയ്ക്കായി സഭകളെ മുഴുവൻ ആഹ്വാനം ചെയ്തുകൊണ്ട് ആൽഫാടീം രംഗത്തുവന്നു. ഒളിമ്പിക്സും പാരാഒളിമ്പിക്സും ചേർന്ന് ലോകരാജ്യങ്ങളെ യു.കെയുടെ പടിക്കലെത്തിക്കുന്ന മുഹൂർത്തത്തിൽ യേശുവിന്റെ നാമം ഉയർത്തപ്പെടേണ്ടതിനുള്ള പ്രാർത്ഥനയാണ് ലക്ഷ്യം.

ഇതിനെപ്പറ്റിയുള്ള വിശദവിവരങ്ങൾ ആൽഫായുടെ ഡയറക്ടറും ഹോളി ടിനിറ്റി ബ്രോംടൺ വികാരിയുമായ നിക്കി ഗംബൽ പുറത്തുവിട്ടു. ഇതിനു വേണ്ടി തയ്യാറാക്കിയ വെബ്സൈറ്റിൽ ഇതിനോടകം തന്നെ രജിസ്ട്രേഷനുവേണ്ടി തിരക്കാരംഭിച്ചു കഴിഞ്ഞു.

# ആര്യന്മാരും വേദകാലവും – തിരുവട്ടാർ കൃഷ്ണൻകുട്ടി

*കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച*

യജ്ഞ പുരോഹിതനും ദേവനും ഹോതാവായ ഋതിക്കും, രത്നധാതമനുമായ അഗ്നിയെ സ്തുതിക്കുന്നു.
'അഗദനിർവൈദ്യദേവനാം ഹോതാ'
(ഐതരേയ ആരണ്യകം 3:14)
അഗ്നിദേവതകൾക്കു മുഖമാണ് : ഹോതാവും
'അഗ്നിനിർമുഖം പ്രഥമോദേവതാനാം'
'അഗ്നിരഗ്രേ പ്രഥമോദേവതാനാം ഹോതാവും, പ്രഥമനും, ദേവതകളുടെ മുഖവം അഗ്നി തന്നെയാണ്. അഗ്നിയില്ലെങ്കിൽ യജ്ഞമില്ല ; യജ്ഞമില്ലെങ്കിൽ പുരോഹിതനു പണമില്ല. പിന്നെയെങ്ങനെ അഗ്നിയെ സ്തുതിക്കാതിരിക്കും ?

**സോമൻ**

'യത്തേസോമ ദിവി ജോതി:' എന്ന ശ്രുതിയാൽ സോമൻ ദ്യുസ്ഥാന ദേവതയെങ്കിലും ഭൂസ്ഥാനമാണ് നല്കിയിരിക്കുന്നത്. സോമച്ചെടി ഭൂമിയിലാണല്ലോ 'ഷുത്ത് അഭിഷേവ ' എന്ന ധാതുവിൽ നിന്നും ഉണ്ടായി. അഭിഷേവം എന്നാൽ പിഴിയപ്പെടുന്നത് എന്നർത്ഥം.
'അപാമ സോമാമൃതാ അദ്രമ ഗന്യ ജോതിര വിദാമ ദേവാൻ
കിം നൂനമസ്മാൻ കൃണവദരാദി കിമുദൂർതിരമൃതമർത്യസ്യ. ഋക്ക് 8–48–3
ഹേ സോമമേ ! നീ അമൃതത്വത്തോടുകൂടിയവനാണല്ലോ. ഞങ്ങൾ നിന്നെ പാനം ചെയ്തു തന്നെ അമൃതരായി ഭവിക്കും. അനന്തരം സ്വർഗ്ഗത്തിലെത്തി ദേവന്മാരെ പരിചയപ്പെടും. അപ്പോൾ ശത്രുവിന് എന്തുചെയ്യാൻ സാധിക്കും? ഈ സോമം ഇപ്പോൾ സോമൻ അഥവാ ചന്ദ്രൻ ആയി തീർന്നിരിക്കുന്നു.

ഉത്സാഹത്തിന്റെയും അമർത്യതയുടെയും ദേവനായ സോമൻ, ഒസന്ത് അവസ്തയിലെ (പേർഷ്യയിലെ) ഹയോമയും ഗ്രീസിലെ പീത്തിന്റെ ദേവനായ ഡയോണീസസ്സും ആണെന്നു തോന്നുന്നു.

സോമത്തെ ദ്യോവിൽനിന്നു കൊണ്ടുവന്നതായുള്ള ഉപാഖ്യാനത്തിൽനിന്നും, അതു ഹിമാലയത്തിൽ നിന്നോ ആര്യന്മാരുടെ ഭാരതേതര താവളങ്ങളിൽനിന്നോ കൊണ്ടുവന്നതാണെന്നുവേണം ഗ്രഹിക്കുവാൻ. പ്രാചീന സുമേറിയായിൽ ചന്ദ്രൻ ആരാധിക്കപ്പെട്ടിരുന്നു. യെരുശലേം യഹൂദന്മാർ പിടിക്കുന്നതിനുമുമ്പ് ഒരു സോമാരാധന കേന്ദ്രമായിരുന്നു.

**hmbp**

അന്തരീക്ഷസ്ഥാന ദേവതകളിൽ മുഖ്യനാണ് വായു. വിശ്വപുരുഷന്റെ ശ്വാസത്തിൽനിന്നുമാണ് വായുവിന്റെ ഉത്ഭവം. (ഋക്ക് 7–87 –2). അഗ്നി, വായു, സൂര്യൻ എന്നീ ദേവതകളെ ആദ്യം ഉണ്ടായിരുന്നുള്ളൂ. ഈ വായു തന്നെ ക്രമേണ ഇന്ദ്രനായി മാറുന്നു.



വായുവിന്റെ ശക്തിതന്നെയാണ് മേഘത്തെ വേണ്ടുംവിധം നയിച്ചു മഴ പെയ്യിക്കുന്നത്. ഇല്ലായ്മ ചെയ്യുന്നതും ; എന്നു വെച്ചാൽ ഇന്ദ്രന്റെ പ്രവൃത്തികൾ മിക്കവാറും പൂർത്തിയായല്ലോ. മരുത്തുകളും വായു തന്നെയാണ്. വായു, ശബ്ദത്തിനു ഗമനശീലൻ, ഗന്ധം വഹിക്കുന്നവൻ, ഔഷധികളെ ഗർഭം ധരിപ്പിക്കുന്നവൻ എന്നെല്ലാം അർത്ഥം കിട്ടുന്നു.വാഗതി ഗന്ധനയോ: വേഞ്ഞു തന്തു സന്താനേ എന്ന ധാതുക്കളിൽ നിന്നുമുണ്ടായി. ഒരു ഇൻഡോ–ഇരാണിയൻ ദേവതയാണ് മാതം. അവിടെനിന്നും ആര്യന്മാർ ഇവിടെ കൊണ്ടുവന്നതാണ്. വായുവിന്റെയും, രുദ്രന്റെയും, മരുത്തുകളുടെയും പ്രവൃത്തികൾ അദദ് എന്ന മെസപ്പൊട്ടോമ്യൻ ദേവതയ്ക്ക് ചേരുന്നതാണെന്നുള്ള വസ്തുത ശ്രദ്ധേയമാണ്.

**വരുണൻ**

അന്തരീക്ഷ സ്ഥാനദേവതയാണ്. അന്തരീക്ഷം എന്നാൽ ദ്യോവിനും ഭൂമിക്കും ഇടയ്ക്കുള്ള ഭാഗം. രണ്ടിനും അന്തഃ(ഇടയ്ക്കു) ഈക്ഷിക്കപ്പെടുന്നതിനാൽ അന്തരീക്ഷം എന്നു പേരായി.

'മൂടുക' അല്ലെങ്കിൽ 'വ്യാപിച്ചു നില്ക്കുക' എന്നർത്ഥമുള്ള 'വൃ'എന്ന ധാതുവിൽനിന്നുമാണ് ഈ പദം ഉണ്ടായത്. ആദ്യകാലത്തു വരുണനായിരുന്നു സുപ്രധാന ദേവത 8–42–1 'hരുണൻ അപരാധികളുടെമേൽ ദയ കാട്ടുന്നവനാണ്. 7–87–7. വേദത്തിലെ പാപമോചനം നല്കുന്ന നീതിയുള്ള ദേവനാണദ്ദേഹം.

**സൂര്യൻ**

സൂര്യൻ തന്നെയാണ് മിത്രനും, സവിതാവും, വിഷ്ണുവും, പൂഷാവും, 'ഷുങ്പ്രാണിപ്രസവേ' എന്ന ധാതുവിൽനിന്നുമാണ് സവിതൃ ശബ്ദമുണ്ടായത്.
തത്സവിതുർവരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹീ
ധിയോ യോന പ്രചോദയാത് (ഗായത്രി)
ജഗത്പിതാവായ സൂര്യന്റെ വരണീയമായ തേജസ്സു നമ്മുടെ ബുദ്ധിയെ പ്രചോദിപ്പിക്കുമാറാകട്ടെ. പോഷണകൃത്യം നിർവഹിക്കുന്നതിനാൽ പൂഷാവ് എന്നു പേരായി.

(തുടരും)

# ദാനിയേൽ ശുഭമായിരുന്നു



**പാസ്റ്റർ ജോയി ജോർജ്ജ്, മംഗലാപുരം**

"എന്നാൽ ദാനിയേൽ ദാര്യാവേശിന്റെ വാഴ്ചയിലും പാർസിരാജാവായ കോരേശിന്റെ വാഴ്ചയിലും ശുഭപ്പെട്ടിരുന്നു". (ദാനിയേൽ 6:8)

ദാനിയേൽ പ്രവചനം ഒരു ചരിത്രപുസ്തകമായി യഹൂദന്മാർ കരുതുന്നു. എന്നാൽ ബൈബിളിന്റെ ഗ്രീക്കു പരിഭാഷയാകുന്ന 'സെപ്റ്റ്വജന്റിൽ' ഒരു പ്രവചനപുസ്തകമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ മത്തായി 24:15–ൽ നമ്മുടെ കർത്താവായ യേശു ഇതിനെ പ്രവചനപുസ്തകമായി പറഞ്ഞിട്ടുണ്ട്. ദാനിയേൽ 2ന്റെ 4–ാം വാക്യം മുതൽ 7ന്റെ 28വരെ ആരാമ്യഭാഷയിലും ബാക്കി എബ്രായഭാഷയിലും എഴുതി. ലോകരാഷ്ട്രങ്ങളെക്കുറിച്ച് അരാമ്യഭാഷയിലും ദൈവജനം, ദൈവരാജ്യം തുടങ്ങിയ വിഷയങ്ങൾ എബ്രായഭാഷയിലും എഴുതി എന്നുകരുതാം.

യറുശലേമിൽ നിന്നും നെബുഖദ്നേസ്സർ രാജാവ് അടിമകളായി പടിച്ചുകൊണ്ടുവന്ന കൂട്ടത്തിൽ ഏകദേശം 16വയസ്സുള്ളവനായി ദാനിയേൽ ബാബിലോണിൽ എത്തി. 3 വർഷത്തെ പരിശീലനത്തിനൊടുവിൽ രാജ്യഭരണകാര്യത്തിൽ ഒരു വിദഗ്ദ്ധനായി ദാനിയേൽ മാറി. ദാനിയേൽ ഒരു പ്രവാചകൻ ആയിരിക്കുമ്പോൾത്തന്നെ 120 രാജ്യങ്ങളുടെ ഗവർണർ ജനറൽ എന്നുള്ള നിലയിൽ മികച്ച ഒരു രാജ്യതന്ത്രജ്ഞനുമായിരുന്നു.

ദാനിയേൽ പ്രവചനം ആദിയോടന്തം വായിക്കുമ്പോൾ നെബുഖദ്നേസ്സർ, ബേൽശസ്സർ, ദാര്യാവേശ്, കോരേശ് എന്നീ 4 രാജാക്കന്മാരുടെ കാലത്തും ദാനിയേൽ ശുഭമായിരുന്നു. എന്നാൽ ഈ രാജാക്കന്മാർ നാലും ശുഭമായിരുന്നില്ല.

നെബുഖദ്നേസ്സർ താൻ പണിത രാജധാനി കണ്ടിട്ട് "എന്റെ പ്രതാപ മഹത്വത്തിനായിട്ട് രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ"എന്നു പറഞ്ഞപ്പോൾത്തന്നെ തന്റെ രാജത്വത്തിൽനിന്നും ദൈവം അവനെ തള്ളിക്കളഞ്ഞു. 7 വർഷം കാളയെപ്പോലെ കാട്ടിലെ മൃഗങ്ങളോടുകൂടെ പുല്ലുതിന്നു. ദാനിയേൽ 4:30–37 വരെ വായിക്കുമ്പോൾ മനസ്സിലാക്കാവുന്ന ചില വസ്തുതകൾ ശ്രദ്ധിക്കുക. ഒന്നാമത്: അവന്റെ ബുദ്ധി നഷ്ടപ്പെട്ടു. സുബോധം നഷ്ടപ്പെട്ട രാജാവ് കൊട്ടാരം വിട്ട് കാട്ടിലേക്കു പോയി. മന്ത്രിമാരും മഹത്തുക്കളും ധാരാളമുള്ള ബാബേൽ സാമ്രാജ്യത്തിന്റെ ഒരു വ്യക്തിപോലും പ്രത്യേകിച്ച് ഭാര്യയോ മക്കളോ പോലും അന്വേഷിച്ചു ചെന്നില്ല എന്നുള്ളത് ചിന്തനീയമാണ്. അതെ! ദൈവം കൈവിട്ടാൽ ആർക്കും നമ്മെ സഹായിക്കുവാൻ കഴികയില്ല. രണ്ടാമത്: ദൈവം കൈവിട്ട രാജാവിന്റെ ശരീരവും മൃഗസ്വഭാവമുള്ളതായിത്തീർന്നു. രോമം കഴുകന്റെ തൂവൽപോലെയും നഖം പക്ഷിയുടെ നഖം പോലെയും വളർന്നു. കാള എന്നപോലെ പുല്ലുതിന്നു. പുല്ലുതിന്നുവാൻ കഴിയുന്ന പ്രകൃതിയാലല്ല, പ്രത്യുത മറ്റ് ആഹാരം കഴിക്കാവുന്ന നിലയിലുള്ളതാണ് മനുഷ്യശരീരം. എന്നാൽ പുല്ലുദഹിക്കുന്ന നിലയിൽ മൃഗപ്രകൃതിയുള്ളതായി രാജാവിന്റെ ശരീരം മാറി. ഒരു ദഹനക്കേടും ഉണ്ടായില്ല. "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രെ'. സങ്കീ 49:20 മൂന്നാമത് അവന്റെ ബുദ്ധി മടങ്ങിവന്നു, സ്വർഗ്ഗത്തേക്കു കണ്ണുയർത്തി, ദൈവത്തിനു ബഹുമാനം കൊടുത്തു, യഥാസ്ഥാനപ്പെട്ടു എന്നീ കാര്യങ്ങൾ രാജാവിന്റെ ജീവിതത്തിൽ നിവൃത്തിക്കും വരെ 7 വർഷം കടന്നുപോയി. നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ എന്നു മനസ്സിലായി. നെബുഖദ്നേസ്സറിന്റെ ജീവിതം ശുഭകരമായിത്തീർന്നില്ല.

ബെൽസസ്സറിന്റെ ജീവിതവും ശുഭകരമായിരുന്നില്ല. തന്റെ അപ്പൻ യരുശലേമിലെ ദേവാലയത്തിന്റെ മന്ദിരത്തിൽ നിന്നും കൊണ്ടുവന്ന പൊൻപാത്രങ്ങളിൽ രാജാവും മഹത്തുക്കളും അവന്റെ ഭാര്യമാരും വെപ്പാട്ടികളും വീഞ്ഞു കുടിച്ചു പൊന്നും വെള്ളിയും താമ്രവും ഇരുമ്പും മരവും കല്ലും കൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു. ഭിത്തിമേൽ ഒരു മനുഷ്യന്റെ കൈവിരലുകൾ പുറപ്പെട്ട് രാജാവിനെതിരായി എഴുതി. "മെനേ, മെനേ, തെക്കൽ ഊഫസീൻ, ദൈവം നിന്റെ രാജത്വം എണ്ണി, അതിനു അന്തം വരുത്തിയിരിക്കുന്നു. തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. നിന്റെ രാജ്യവും വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു. ദാനിയേൽ 5:24–28. ബെൽസസ്സറിൽ കണ്ടെത്തിയ കുറവുകൾ ശ്രദ്ധിക്കുക.1.അപ്പന് സംഭവിച്ചത് അറിഞ്ഞിട്ടും അവൻ ഹൃദയത്തെ താഴ്ത്തിയില്ല. 2. കർത്താവിന്റെ നേരെ തന്നെ ത്താൻ ഉ യർത്തി. 3. ആലയത്തിലെ പാത്രങ്ങൾ അശുദ്ധമാക്കി. 4. പൊന്ന്, വെള്ളി, താമ്രം, ഇരുമ്പ്, മരം, കല്ല് എന്നിവകൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു. 5. ജീവനുള്ള ദൈവ ത്തെ മഹത്വീകരിച്ചതുമില്ല.

ആ രാത്രിയിൽത്തന്നെ കല്ദയരാജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു. "തന്റെ ജീവിതവും ശുഭകരമായിരുന്നില്ല. തന്റെ ലംഘനങ്ങളെ മറെക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണലഭിക്കും".(സദൃശ്യ28:13) ലംഘനത്തെ മറച്ച ആദാമിനും, ശാപഗ്രസ്ഥവസ്തുക്കൾ ഒളിപ്പിച്ചുവച്ച ആഖാനും, ദൈവസന്നിധിയിൽ കൊണ്ടുവരേണ്ട സമ്പത്ത് മാറ്റിവച്ച അനന്യാസ്–സഫീറയ്ക്കും ശുഭം വന്നില്ല.

എന്നാൽ ദാനിയേൽ ശുഭമായിരുന്നു. എന്താണ് കാരണം. 1. ദാനിയേൽ വിശുദ്ധനായിരുന്നു. (ദാനിയേൽ 1:8) ബാബേലിലേക്കു കൊ ണ്ടുവന്ന ദാനിയേലിനെയും കൂട്ടരെയും 4 വിധത്തിൽ അശുദ്ധരാക്കുവാൻ ശ്രമം നടന്നു. a.ദേശം മാറ്റി:യറുശലേമിൽ നിന്നും ബാബേലിലേക്ക്, ആരാധനയുടെ യറുശലേമിൽ നിന്നും അകറ്റി വിഗ്രഹാരാധനയുടെയും മ്ലേച്ഛതയുടെയും ബാബേലിലേക്ക് കൊണ്ടുവന്നു. b.പേരുമാറ്റി (1:6,7) ദാനിയേലിന്റെയും കൂട്ടുകാരുടെയും പേരുകൾ യഹോവയായ ദൈവവുമായി ബന്ധപ്പെട്ടവയായിരുന്നു. അത് ജാതീയ വിഗ്രഹങ്ങളുമായി ബന്ധമുള്ളവയാക്കി മാറ്റി.

(തുടരും)

# നിത്യതയിൽ

**ജോയി.പി.തോമസ്**

റാന്നി – നെല്ലിക്കമൺ ഐ.പി.സി സഭയുടെ ആദ്യകാല പ്രവർത്തകനായ പുതുക്കുടിമുക്ക് പ്ലാംകൂട്ടത്തിൽ പരേതനായ പി.എം. തോമസിന്റെ മകൻ ജോയി.പി. തോമസ് (ജോയിക്കുട്ടി–56) കർത്താവിൽ നിര്യാതനായി. സംസ്കാരശുശ്രൂഷ 1–11–11ന് നെല്ലിക്കമൺ ഐ.പി.സി സെമിത്തേരിയിൽ കർത്താവിന്റെ ദാസൻ പാസ്റ്റർ കെ.കെ.ചെറിയാന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. വടശ്ശേരിക്കര പള്ളിപ്പറമ്പിൽ എൽസി ജോയി ആണ് ഭാര്യ. മക്കൾ ജോസ്‌ലി, ജസ്‌ലി, ജോയൽ.

## റവ. ഖന്നായുടെ മോചനം; സഭാപ്രതിനിധികൾ മന്ത്രിയെ കണ്ടു

നവംബർ മൂന്നാംവാരത്തിൽ ജമ്മുകാഷ്മീർ പോലീസ് അറസ്റ്റുചെയ്ത് കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള റവ. ഖന്നായുടെ മോചനത്തിനായി സഭാപ്രതിനിധികൾ മന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനെ കണ്ടു ചർച്ച നടത്തി. കാഷ്മീർ താഴ്വരയിലുള്ള ഒരു മുസ്ലീം യുവാവിനെ നിർബന്ധ മതപരിവർത്തനം നടത്തി എന്നതാണ് ശ്രീനഗറിലെ സെയ്ന്റ് സ് ചർച്ച് പാസ്റ്റർ ഖന്നയ്ക്കെതിരെ ആരോപിച്ച കുറ്റം. പക്ഷെ ഇത് സത്യത്തിനു നിരക്കാത്ത ആരോപണമാണെന്ന് സഭാപ്രതിനിധികൾ അറിയിച്ചു. ഖന്നയെപ്പോലെ ഒരു ക്രിസ്തീയ നേതാവിനെ ശരിയല്ലാത്ത കാര്യങ്ങൾ ആരോപിച്ച് അറസ്റ്റുചെയ്ത അധികാരികളുടെ നടപടി ഇവിടെയുള്ള ക്രിസ്തീയ സമൂഹത്തെ അടച്ചപമാനിക്കുന്നതായെന്ന് സി.എൻ.ഐ ജനറൽ സെക്രട്ടറി ആൽവിൻ മസീഹ് പ്രസ്താവിച്ചു.

## കടക്കെണിയിൽ പെടാതിരിക്കാൻ 1000 സഭകൾ വിശ്വാസികളെ സഹായിക്കുന്നു

ബഡ്ജറ്റിങ് അഥവാ വരവനുസരിച്ചു മാത്രം പണം ചിലവഴിക്കുന്നതെങ്ങനെയെന്ന് വിശ്വാസികളെ പരിശീലിപ്പിക്കുന്ന സി.എ.പി.(ക്രിസ്ത്യൻ എഗൻസ്റ്റ് പോവർട്ടി) എന്ന സംഘടന ആയിരാമത്തെ സഭയിലും തങ്ങളുടെ ദൗത്യം പൂർത്തിയാക്കി. ബഡ്ജറ്റിങ്ങിന്റെ അടിസ്ഥാന നിയമങ്ങളുമായി സി.എ.പി രംഗത്തു വന്നിട്ടിപ്പോൾ മൂന്നുവർഷങ്ങളായി. ഈ കോഴ്സ് പഠിക്കുന്ന സഭാവിശ്വാസികൾ തങ്ങളുടെ സമൂഹത്തെ ഈ രീതിയിൽ ബോധവൽക്കരിക്കണം എന്നതാണ് പദ്ധതി. ലണ്ടനിലെ സഭകളിൽ നടത്തപ്പെട്ട ഈ പരിശീലനം വൻ വിജയമായിരുന്നു എന്നാണറിയുന്നത്. എല്ലാ വിഭാഗങ്ങളിൽപ്പെട്ട സഭകളും സി.എ.പി യുടെ സംരംഭത്തെ സ്വാഗതം ചെയ്തു.

**നോവൽ തുടരുന്നു**

# കാലം മായ്ക്കാത്ത അടയാളങ്ങൾ

സമയം സന്ധ്യയോടടുക്കുന്നു പകൽ മറയുകയാണ്. തനിക്ക് ജിമ്മിയുടെ മേലുള്ള അവകാശാധികാരങ്ങളും മറഞ്ഞില്ലാതാകുന്നത് സിസ്റ്റർ നൊമ്പരത്തോടെ ഓർത്തു. എന്നായാലും ഇതു സംഭവിക്കേണ്ടതു തന്നെ. ഒന്നുമല്ലെങ്കിൽ ഈ സത്യം ജിമ്മിക്കൊരു നവചൈതന്യം കൊടുക്കുമെന്ന് അവർ ഓർത്തു. ഉടൻ തന്നെ അവർ ഉറക്കെ വിളിച്ചു. "ജിമ്മീ . . . ഒന്നിവിടെവരെ വരൂ". ജിമ്മി വേഗം എത്തി അവൻ വന്നയുടൻ സിസ്റ്റർ ജമീലയെ പരിചയപ്പെടുത്തി. "ജിമ്മിക്കുട്ടന്റെ സ്വന്തം സഹോദരിയാണ് ഈ നിൽക്കുന്നത്"ഇതു കേട്ടയുടൻ ജിമ്മി തമാശയായി ചിരിച്ചു. ഉടൻതന്നെ ജമീല പറഞ്ഞ കാര്യങ്ങൾ സിസ്റ്റർ ജിമ്മിയോട് വിവരിച്ചു. പറയുന്നതിനിടയിൽ ജമീലാ തന്റെ സഹോദരന്റെ അടയാളങ്ങൾ ശ്രദ്ധിച്ചു. അവൾക്ക് തന്റെ സന്തോഷം അടക്കാനായില്ല. ആനന്ദത്താൽ അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. അവൾ വിളിച്ചു "എന്റെ അനുജാ ജമാലേ! എനിക്ക് ഈ ലോകത്തോടു മുഴുവൻ എന്റെ അനുജനെ തരിച്ചു കിട്ടിയെന്നു വിളിച്ചു പറയുവാൻ തോന്നുന്നു". സംഭവം കേട്ടയുടൻ ജിമ്മി കരയുവാൻ തുടങ്ങി "ഇല്ല ഞാനിതു വിശ്വസിക്കില്ല"."സിസ്റ്റർ പറഞ്ഞു വിശ്വസിച്ചേ പറ്റൂ". "അമ്മ എന്തുകൊണ്ടാണിത് എന്നോട് മറച്ചുവച്ചത്" ജിമ്മി ചോദിച്ചു. സിസ്റ്റർ നിസ്സഹായതയോടെ പറഞ്ഞു "മോനേ! ഞാനും ഇപ്പോൾ മാത്രമാണറിയുന്നത് അനാഥക്കുഞ്ഞുങ്ങളെ വളർത്തുന്നവരുടെയൊക്കെ അവസ്ഥ ഇതു തന്നെയാണ്. ഞങ്ങൾ നല്ലനിലയിൽ വളർത്തി വലുതാക്കും പിന്നീട് മതിയായ തെളിവുമായി വരുന്നവർക്ക് കുട്ടികളെ വിട്ടുകൊടുക്കേണ്ടി വരുന്നു. ഇവിടെയും അതു തന്നെയാണ് സംഭവിച്ചിരിക്കുന്നത്. എങ്കിലും ഞങ്ങളുടെ മാനസികാവസ്ഥ ആരും മനസ്സിലാക്കുന്നില്ല. സാരമില്ല മോനെ ദൈവം നിന്നെ ധാരാളമായനുഗ്രഹിക്കട്ടെ എവിടെയായിരുന്നാലും പിന്നിട്ട വഴികൾ മറക്കാതിരിക്കുക. കുട്ടിക്കാലം മുതൽ നിന്നെ വളർത്തിയ ഈ അമ്മയെയും വല്ലപ്പോഴും ഓർക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇന്നത്തെ അമ്മത്തൊട്ടിൽ പോലെയുള്ള ഈ സ്ഥാപനത്തെയും ഒരിക്കലും മറക്കില്ലെന്നു ഞാൻ കരുതുന്നു." സിസ്റ്റർ ഇതു പറയുന്നതിനിടയിൽ കണ്ണുകളൊപ്പുന്നുണ്ടായിരുന്നു. അവരുടെ വേദന ആ മുഖത്ത് നിന്ന് വായിച്ചറിയാമായിരുന്നു.

സിസ്റ്റർ ജാനറ്റ് മറ്റു കുട്ടികളെയെല്ലാം വിളിച്ചുകൂട്ടി. തങ്ങളെ വിളിച്ചുകൂട്ടിയതിന്റെ ഉദ്ദേശ്യം അറിയാൻ കുട്ടികൾ ആകാംക്ഷയോടെ കാത്തിരുന്നു. ഉടൻതന്നെ സിസ്റ്റർ ജാനറ്റ് സ്റ്റേജിലേക്ക് കയറി "ഇന്ന് നമുക്കൊരു യാത്രയയപ്പ് മീറ്റിങ് ഉണ്ട് അതിനാണ് നാമെല്ലാവരും ഇവിടെ കൂടിയിരിക്കുന്നത്". ഇതു കേട്ട കുട്ടികൾ തമ്മിൽ തമ്മിൽ ആരായിരിക്കും? എന്ന് ചോദിക്കുന്നത് കാണാമായിരുന്നു. പെട്ടെന്നു സിസ്റ്റർ പറഞ്ഞു "എല്ലാവരും ശാന്തരാകുക നാമെല്ലാം ഇത്രയും നാളുകൾ അനാഥനെന്നു കരുതിയ നമ്മുടെ ജിമ്മി അച്ചാച്ചൻ ഇന്ന് സനാഥനാണ്(അനാഥനല്ലാത്തവൻ) അതുകൊണ്ട് തന്റെ സഹോദരി തന്നെ കൊണ്ടുപോകുവാനായി വന്നിരിക്കുന്നു" എന്നു പറയുന്നതിനിടയിൽ സിസ്റ്ററുടെ കണ്ണുകൾ നനഞ്ഞു. ആ രംഗം കണ്ട കുട്ടികളുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. ചില കുട്ടികളുടെ തേങ്ങലുകൾ ഉയർന്നു കേൾക്കാമായിരുന്നു. ഇതിനിടയിൽ കരഞ്ഞു കലങ്ങിയ കണ്ണുകളുമായി ജിമ്മി കൊച്ചുകുട്ടികളെയും, സിസ്റ്ററെയും മാറിമാറി നോക്കുന്നുണ്ടായിരുന്നു. 'യാത്രയയപ്പ് സമ്മേളനത്തിന്റെ' അവസാന നിമിഷം ജിമ്മിക്ക് നന്ദിവാക്കുകൾ പറയുവാൻ സിസ്റ്റർ ജാനറ്റ് അവസരവും കൊടുത്തു. ആ അവസരം വിനിയോഗിക്കുവാനായി ജിമ്മി വേദിയിലേക്ക് കയറിയതും നിയന്ത്രണമില്ലാതെ പൊട്ടിക്കരഞ്ഞതും ഒപ്പമായിരുന്നു. അവൻ എത്ര നിയന്ത്രിച്ചിട്ടും തന്റെ ദുഃഖമുള്ളിലൊതുക്കാനായില്ല. ഗദ്ഗദകണ്ഠനായി അവൻ പറഞ്ഞു തുടങ്ങി. "എല്ലാവർക്കും, നമ്മുടെ അമ്മയ്ക്കും ആദ്യമായി എന്റെ സ്നേഹവന്ദനം, എന്നെ ഞാനാക്കിയ സർവ്വകൃപാലുവായ ദൈവത്തിനും നന്ദിയർപ്പിക്കുന്നു. ഇത്രയും നാളുകൾ ഒരു കഷ്ടപ്പാടുകളുമറിയിക്കാതെ എന്നെ വളർത്തിയ എന്റെ അമ്മ ജാനറ്റിന്റെ കരുത്താർന്ന കൈകൾക്ക് പതിന്മടങ്ങ് ശക്തിയുണ്ടാവട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളെല്ലാവരും നമ്മുടെയമ്മയെ പൂർണ്ണമായനുസരിക്കുക. ഒരുനാളും അവരെ ദുഃഖിപ്പിക്കരുത്. വിശേഷാൽ നമ്മുടെ അമ്മക്കും മറ്റെല്ലാവർക്കും എല്ലാ ആശംസകളും നേർന്നുകൊണ്ട് ഞാൻ നിർത്തുന്നു". അതിനുശേഷം എല്ലാവരും ഒരുമിച്ചിരുന്ന് പതിവിലും വിപരീതമായി ശാന്തരായി ഭക്ഷണം കഴിച്ചു. വിടപറച്ചിലിൻ സമയവും ആഗതമായി. ആ സമയം ജിമ്മി എന്ന ജമാൽ സിസ്റ്റർ ജാനറ്റിനോട്"അമ്മേ ഞാൻ പോകട്ടെ മനസ്സുണ്ടായിട്ടല്ല, മനുഷ്യബന്ധങ്ങളുടെ വില മനസ്സിലാക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ഞങ്ങളുടെ മാതാപിതാക്കൾ എന്തിനാണ് ഞങ്ങളെ ഉപേക്ഷിച്ചത് എന്ന ചോദ്യവുമായി ഞങ്ങൾ പോവുകയാണ്. അവർ ജീവിച്ചിരിപ്പുണ്ടോ എന്നു പോലുമറിയില്ല. ജമീലചേച്ചിയുടെ കൈയിൽ പണ്ടത്തെ അഡ്രസ്സ് എഴുതിയിരുന്ന പേപ്പറുകൾ സൂക്ഷിച്ചിരുന്നു. അവയിൽ നിന്ന് മാതാപിതാക്കളുടെ വീടുകൾ അടുത്താണെന്നറിഞ്ഞതിനാൽ ആ അഡ്രസ്സ് ലക്ഷ്യമാക്കി ഞങ്ങൾ യാത്ര തിരിക്കുന്നു. വല്ല വിവരവും ലഭിച്ചാൽ ഞാൻ അമ്മയെ അറിയിക്കാം. കരുതിയതിനും സ്നേഹിച്ചതിനും വളരെ നന്ദിയുണ്ട്". അമ്മയുടെ ചുമലിലേക്ക് വീണു പൊട്ടിക്കരയുന്നതിനിടയിൽ അവൻ തുടർന്നു "അമ്മയുടെ പൊന്നുമോൻ എന്നും അമ്മയുടെ മോനായിത്തന്നെ തുടരും എന്റെയനുഭവത്തിൽ പെറ്റമ്മയെക്കാൾ പോറ്റമ്മ നല്ലതെന്ന് ഈ ലോകത്തെയറിയിക്കും. ഇപ്പോൾ പോകട്ടെ, അനുഗ്രഹിക്കൂ അമ്മേ പാദം തൊഴുന്നു". ജമീല ഇതെല്ലാം ആശ്ചര്യത്തോടെ നോക്കിക്കൊണ്ട് യാത്ര ചോദിക്കുമ്പോൾ സിസ്റ്റർ അവരോട് "പോയിവരൂ മക്കളേ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ" എന്നു പറഞ്ഞു.



എലിസബത്ത് ജോൺ

(തുടരും)

## ജെ. സി. പാറക്കടവിലിന് ഊമക്കത്തുകൾ. മറുപടി അടുത്തലക്കത്തിൽ

ജീവകാരുണ്യം പത്രം ആരംഭിച്ചതിന്റെ പിറ്റെമാസം തുടങ്ങി നിരവധി ഊമക്കത്തുകൾ പത്രാധിപരായ ജെ.സി. പാറക്കടവിലിന് വന്നുകൊണ്ടിരിക്കുന്നു. ഭീഷണിയുടെ സ്വരമാണെങ്കിലും അടിതരുമെന്നോ കൊല്ലുമെന്നോ ഒന്നും കത്തിലില്ല. ഇങ്ങനെ വിലാസമില്ലാത്ത കത്തുകൾ ജീവകാരുണ്യം പത്രമോഫീസിലേക്ക് അയച്ച അവരെ ഒരു കാരണവശാലും കുറ്റപ്പെടുത്താനും കഴിയില്ല. കാരണം പ്രതികരണശേഷി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യരുടെ ഇടയിൽ ആ ശേഷി അല്പമെങ്കിലും ഉള്ളവരെ കുറ്റപ്പെടുത്താനാവില്ലല്ലോ. ഇനി വിഷയം പറയാം. ജീവകാരുണ്യം പത്രത്തിന്റെ തലക്കെട്ടിനു താഴെ രണ്ടു സമാന്തരരേഖകൾക്കിടയിൽ എല്ലാ ലക്കത്തിലും അടിച്ചു വിടുന്നൊരു വാചകമാണ് ഊമക്കത്തുകളെ ക്ഷണിച്ചുവരുത്തിക്കൊണ്ടിരിക്കുന്നത്."ആകയാൽ വിശ്വാസം പ്രത്യാശ ജീവകാരുണ്യം ഇവമൂന്നും നിലനില്ക്കുന്നു, ഇവയിൽ വലുതോ ജീവകാരുണ്യം തന്നെ" എന്നതാണ് വാചകം. പത്രത്തിന്റെ തലക്കെട്ടിനൊരു അലങ്കാരമായിരിക്കാൻ വേദപുസ്തകത്തിലെ ഒരു വാക്യത്തിൽ കോട്ടംവരുത്തിയതെന്തിനാണെന്നും ആരാണതിന് അധികാരം തന്നത് എന്നുമാണ് കത്തിന്റെ ശരാശരി ഉള്ളടക്കം. 1 കോരി 13:13–ാം വാക്യമാണ് ഇവിടെപ്പറഞ്ഞത്. "ആകയാൽ വിശ്വാസം പ്രത്യാശ സ്നേഹം ഇവമൂന്നും നിലനില്ക്കുന്നു, ഇവയിൽ വലുതോ സ്നേഹം തന്നെ"യെന്നാണ് സാധാരണ മലയാള ബൈബിളിൽ കാണുന്ന വാക്യം. വചനം തിരുത്താൻ ആർക്കും അവകാശമില്ല. അങ്ങനെ ചിന്തിക്കുമ്പോൾ ജെ.സി. ചെയ്തത് അന്യായമല്ലെ? കത്തെഴുതിയവർ ന്യായമായ കാര്യമല്ലെ ചൂണ്ടിക്കാണിച്ചത്? ഇതിനെല്ലാം ജെ.സി പാറക്കടവിൽ എഴുതുന്ന മറുപടി അടുത്തലക്കം (2012 ജനുവരി) മുതൽ പ്രസിദ്ധീകരിക്കുന്നു. ദൈവസഭയുടെ മുഖഛായ തന്നെ മാറ്റിയേക്കാവുന്ന ലേഖനപരമ്പര തുടക്കം മുതൽ വായിക്കുക. നിങ്ങളുടെ കോപ്പി ഉറപ്പുവരുത്തുക.


**5th HARVEST YOUTH CAMP**
**FABIOS 2011**

ഹാർവെസ്റ്റ് മിനിസ്ട്രീസ് ഇന്റർനാഷണലിന്റെ യുവജനവിഭാഗമായ FABIOS ഒരുക്കുന്ന യൂത്ത് ക്യാമ്പ് ഡിസംബർ 26,27,28 തീയതികളിൽ ഹാർവെസ്റ്റ് മിഷൻ സെന്ററിൽ വച്ച് ക്രമീകരിച്ചിരിക്കുന്നു.

**Theme : Live Like Jesus (Galatians 2:20)**

സമയം : ഡിസംബർ 26, 3.00 P.M മുതൽ 28, 3.00 P.M വരെ

സ്ഥലം : ഹാർവെസ്റ്റ് മിഷൻ സെന്റർ
പോങ്ങോട്, പറണ്ടോട് പി.ഒ (ആര്യനാട്)

രജിസ്ട്രേഷൻ ഫീസ് : 50 രൂപ

*ഭക്ഷണവും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക താമസസൗകര്യവും ഒരുക്കിയിരിക്കുന്നു.*
കൂടുതൽ വിവരങ്ങൾക്ക് :

Ph : 9961744322, 9744927952, 9947690410
email : harvestforindia@gmail.com,
fabios4u@gmail.com, www.fabios.co.in

ആർ. ബോവസ് (കോ–ഓർഡിനേറ്റർ)


# വചന വെളിച്ചത്തിൽ സ്ത്രീധനം കൊടുക്കേണ്ടതാര് ?

അബ്രഹാം തന്റെ മകൻ യിസഹാക്കിന് ഭാര്യയെ എടുക്കാൻ ചാർച്ചക്കാരുടെ ഇടയിൽ ദമ്മേശെക്കുകാരനായ ദാസൻ എല്യേസറിനെ പറഞ്ഞയക്കു മ്പോൾ യിസക്കാക്കിന് യോജിച്ച പെണ്ണിനെ കണ്ടാൽ അവൾക്കും, അമ്മയ്ക്കും, സഹോദരനും വിശേഷവസ്ത്രങ്ങളും മണവാട്ടിയായ റിബേക്കയ്ക്ക് മൂക്കുത്തി, വളകൾ, വെള്ളിയാഭരണങ്ങൾ, പൊന്നാഭരണങ്ങൾ, കല്യാണ വസ്ത്രങ്ങൾ എന്നിവ കൊടുത്തു വിടുന്നതായി ഉൽപത്തി 24:47–53 വരെ കാണാം.

അതുകൂടാതെ യാക്കോബിന്റെ മകളായ ദീനായ്ക്ക് ആവശ്യപ്പെടുന്ന സ്ത്രീധനവും, ദാനവും തരാമെന്നു ദേശത്തിലെ പ്രഭുവായ ശെഖേം പറയുന്നതായി ഉൽപത്തി 34:12 ൽ കാണുന്നു.

അതുംകൂടാതെ ശിംശോൻ ഭാര്യയെ എടുക്കുവാൻ ഭാര്യവീട്ടിൽ ചെന്ന് ഏഴുദിവസം വിരുന്നുകഴിച്ച് തന്റെ ഭാര്യയുമായി വീട്ടിലേയ്ക്ക് പോരുന്നു എന്നു കാണാം അന്നവിടുത്തെ പതിവ് അതായിരുന്നു (ന്യായാധിപന്മാർ 14:1–10). അതുകൂടാതെ, വിവാഹത്തിനു മുമ്പേ ഒരുവൻ ഒരു യുവതിയെ വശീകരിച്ച് അവളോടുകൂടെ ശയിച്ചാൽ അവൻ സ് ത്രീധനം കൊടുത്ത് അവളെത്തന്നെ വിവാഹം കഴിക്കണമെന്ന് പുറപ്പാട് 22:16 വായിച്ചാൽ കാണാം.


പുതിയനിയമത്തിൽ എന്നെ ചിന്തിപ്പിച്ച വചനം, കുഞ്ഞാടിന്റെ കാന്ത തന്നെത്താൻ ഒരുങ്ങുന്നതിനു വേണ്ടി അവൾക്ക് ലഭിച്ച വിശേഷവസ്ത്രമാണ്. ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം മണവാളനാകുന്ന(ക്രിസ്തു)മണവാട്ടിയാകുന്ന(കാന്ത)യ്ക്ക് കൊടുക്കുന്നതാണ്. അത് വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നെയാകുന്നു (വെളിപ്പാട് 19:7,8).

ഇത്ര വ്യക്തമായി തിരുവചനത്തിൽ സ്ത്രീധന സംബന്ധമായ വിഷയങ്ങൾ പറയുമ്പോൾ ഈ വചനം ചുമന്നുകൊണ്ട് നടക്കുന്ന ക്രൈസ്തവർ ഇന്നും വചനവിരുദ്ധമായി പെൺവീട്ടുകാരുടെ കൈയിൽ നിന്നും സ്ത്രീധനം ചോദിച്ചു വാങ്ങുന്നു. പിന്നെ തരാമെന്നു പറഞ്ഞു വിവാഹം കഴിക്കുന്ന പെൺകുട്ടിയെ സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കുന്നു. എത്രയെത്ര സംഭവങ്ങൾ മാധ്യമങ്ങളിൽ നാം കണ്ടുകഴിഞ്ഞു ഇനിയും കാണുകയും ചെയ്യും. ഇവർ വചനം നിഷേധിക്കുന്നതു മാത്രമല്ല ഇന്ത്യയുടെ ഭരണഘടനയും നിഷേധിക്കുകയാണ് ഈ വിഷയ ത്തിൽ ചെയ്യുന്നത്. നിലവിൽ സ് ത്രീധന നിരോധനനിയമം ഇന്ത്യ യിലുണ്ട്. എന്നിട്ടും പാവപ്പെട്ട പെൺകുട്ടികളുടെ വീട്ടിൽ നിന്നും പണം ചോദിച്ചുവാങ്ങുന്നു.

ന്യായമായി പറഞ്ഞാൽ പെണ്ണിന്റെ ഓഹരി വാങ്ങാൻ നിയമമുണ്ട്. പിതൃസ്വത്തിൽ നിന്ന് മക്കളുടെ എണ്ണത്തിനൊത്ത ഒരു ഓഹരി വാങ്ങാം, അതും നിർബന്ധിച്ച് ആകരുത്. ഇന്ത്യയിൽ വച്ച് ഏറ്റവും മുൻപന്തിയിൽ കേരളമാണ് സാക്ഷരതയിൽ. അവരാണ് കൂടുതലായി വൃത്തികേടുകൾ കാണിക്കുന്നതും. പണമില്ലാത്തതിന്റെ പേരിൽ എത്രയെത്ര കുടുംബങ്ങളിലെ പെൺകുട്ടികളാണ് പുരനിറഞ്ഞുനിൽക്കുന്നത്. എത്രയെത്ര പേർ ഈ ലോകവാസം വെടിയേണ്ടി വന്നുകഴിഞ്ഞു? പ്രാർത്ഥിക്കുന്ന ദൈവമക്കൾ ഒരുകാലത്തും ഇതിനു പ്രോത്സാഹനം കൊടുക്കാൻ പാടുള്ളതല്ല. പെണ്ണിന്റെ ഓഹരി എന്തെങ്കിലും തരാൻ അവർക്കു കഴിയുമെങ്കിൽ അതു വാങ്ങുകയല്ലാതെ അവരെ ഭാരപ്പെടുത്തി സ്ത്രീധനം വാങ്ങി ദൈവശാപം വാങ്ങുവാൻ ഒരുങ്ങരുത്. കഴിഞ്ഞ നാളിൽ കേരളത്തിലെ ഒരു കുടുംബത്തിലെ ഒരു കുട്ടിയുടെ വിവാഹം നടക്കാതിരുന്നത് എന്നോടു പറഞ്ഞത് ഇങ്ങനെയാണ്: 'ഒരു പാവപ്പെട്ട വീട്ടിലെ രണ്ടു പെൺമക്കൾ. ബി.പി.എൽ. കുടുംബമാണ്. മൂത്ത മകൾക്ക് വിവാഹാലോചന വന്നപ്പോൾ 20 വയസ്സായി. അവർ 17 വർഷങ്ങൾക്കു മുമ്പ് 5000 രൂപ സ്ത്രീധനം കൊടുക്കണമെന്നു പറഞ്ഞതനുസരിച്ച് പലരോടായി കടം വാങ്ങി 3500 രൂപയുണ്ടാക്കി. നിശ്ചയത്തിന്റെ ദിവസം വന്നു. അന്നത്തെ ചിലവും അവർ വഹിക്കേണ്ടതായിരുന്നു. കൂടാതെ ഇപ്പോൾ 3500 രൂപ മാത്രമേയുണ്ടായുള്ളൂ. ബാക്കി പിന്നെ തരാമെന്നു പറഞ്ഞിട്ട് ചെറുക്കൻ കൂട്ടർ 1500 രൂപ കുറവായതിനാൽ ആ കല്യാണം നടത്തിയില്ല. പിന്നെ ഇതേവരെയും പാവപ്പെട്ട ആ പെൺകുട്ടിയുടെ വിവാഹം നടക്കാതെ 37 വയസ്സായി ഇന്നും നിൽക്കുന്നു.നല്ല പ്രായത്തിൽ വിവാഹം

(ശേഷം പേജ് 8ൽ)

# നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ?



പ്രേം വർക്കി ഉമ്മൻ

2012–ൽ എങ്കിലും ദൈവസഭയ്ക്ക് ഒരു മാറ്റമുണ്ടാകുമെന്ന് പ്രത്യാശിക്കാമോ! പുറമെ കാണുന്ന മാറ്റമല്ല. അന്തരാത്മാവിൽ തുടങ്ങി പുറത്തേയ്ക്കൊഴുകുന്ന മാറ്റം തന്നെവേണം. വളർച്ച മുരടിച്ച ദുരവസ്ഥയിലൂടെ ദൈവസഭ കടന്നുപോകുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ പ്രശ്നങ്ങളൊക്കെ ഒന്നു മാറ്റിവെച്ചിട്ട് ദൈവത്തിനു പ്രവർത്തിക്കുവാൻ ഒരവസരം നല്കുന്നുവെങ്കിൽ മാറ്റത്തിനാരംഭം കുറിക്കാം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് നമ്മെ ഒന്നു വിധേയപ്പെടുത്തണം. ദാവീദിനെപ്പോലെ പ്രാർത്ഥിക്കണം. "ദൈവമേ നിർമ്മലമായ ഒരു ഹൃദയത്തെ എന്നിൽ സൃഷ്ടിച്ചു സ്ഥിരമായ ഒരു ആത്മാവിനെ എന്നിൽ പുതുക്കേണമേ"(സങ്കീ 51:10) സ്വന്തപുത്രനെ അദരിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടു കൂടെ സകലവും (സൗജന്യമായി) നമുക്കു നല്കാതിരിക്കുമോ? (റോമ. 8:32) (വായിക്കുക യിരമ്യാവ് 29:11–13) ഏറ്റവും നല്ലതല്ലേ പിതാവ് തന്റെ മക്കൾക്കുവേണ്ടി കരുതിയിരിക്കുന്നത്! അത് നേടിയെടുക്കാൻ എന്താണ് നമ്മെ തടസ്സപ്പെടുത്തുന്നത്?

ബെഥെസ്ദാ കുളക്കരയിലെ മനുഷ്യനോട് സൗഖ്യമാകുവാൻ മനസ്സുണ്ടോന്ന് ചോദിച്ചത് (യോഹ.5) പലർക്കും അസ്വസ്ഥത ഉണ്ടാക്കുന്നു. 38 വർഷമായി അവിടെ കിടന്നത് വേറെ എന്തിനാണ്? ആ ചോദ്യത്തിനല്പം ആഴമുണ്ട്. അത് ഇങ്ങനെയായിരുന്നു– ഇന്നത്തെ നിന്റെ അവസ്ഥയിൽ നിനക്ക് തൃപ്തിയോ? വാസ്തവമായും നിനക്കൊരു മാറ്റം വേണമെന്ന് നീ ആഗ്രഹിക്കുന്നുവോ? പലർക്കും താല്പര്യമില്ലാത്ത ഒരു വിഷയമാണ് മാറ്റം എന്നുള്ളത്. അങ്ങനെയൊരാഗ്രഹം ഉള്ളവനേ ഒരു സൗഖ്യം അഥവാ മാറ്റം പ്രതീക്ഷിക്കേണ്ടതുള്ളൂ.

പുതുവർഷം പുതുക്കത്തിന്റെയും കണക്കെടുപ്പിന്റേയും സമയമാണല്ലോ. വീണ്ടും ആരംഭിക്കുമ്പോൾ നാം എന്തിനൊക്കെയാണ് മുൻഗണന നൽകുന്നതെന്ന് പരിശോധിക്കുന്നത് നന്ന്. ഭരണത്തിൽ സാമർത്ഥ്യം തെളിയിച്ച പലരും അവിശ്വസ്തരായി തീർന്നിട്ടുണ്ട്. ദൈവത്തിനുവേണ്ടി വളരെ പ്രയോജനപ്പെട്ടവർ പിൽക്കാലത്ത് നിഷ്ക്രിയരായി ഒന്നുമല്ലാതായ കാഴ്ചകളും വിരളമല്ല. ആത്മീയ ചോർന്നുപോകുന്നതറിയാതെ തിരക്കോടുതിരക്കായ കർത്താവിന്റെ വേലക്കാർ ഒന്നു സാവധാനത്തിലാകുന്നത് നന്നായിരിക്കും. ഒത്തിരി കേൾപ്പിക്കുന്നവർ കേൾക്കേണ്ടവനിൽ നിന്ന് വല്ലതും കേൾക്കുന്നുണ്ടോയെന്ന് പാവം വിശ്വാസികൾക്ക് സംശയം തോന്നിയാൽ അത്ഭുതപ്പെടാനുണ്ടോ? നമ്മുടെ സുഖലോലുപത സാമ്പത്തികക്ലേശം വരുത്തിവെയ്ക്കുന്നുണ്ടെന്നുള്ളതും മറക്കണ്ട. അല്പജയവും ഏറെക്കുറെ തികഞ്ഞപരാജയവുമാണ് മിക്ക വിശ്വാസജീവിതവും. അതിനൊരു മാറ്റം വേണ്ടേ? സ്ഥിരമായി ജയിക്കേണ്ടത് എങ്ങനെയെന്ന് അന്വേഷിച്ചു പഠിക്കണം. വചനധ്യാനം, പ്രാർത്ഥന, ആരാധന, ഉത്തരവാദിത്വബോധം, സേവനതാല്പരത ഇവയെല്ലാം സമതുലിതമായി മുന്നോട്ടുകൊണ്ടുപോകണം. സ്വർഗ്ഗീയ പൗരനെന്നു മറന്നുപോകാതെ, ലക്ഷ്യം പിഴയ്ക്കാതെ(ഫിലി. 4:13) മുന്നേറാൻ ആത്മാർത്ഥമായി ശ്രമിക്കാം. നാളത്തെ വെല്ലുവിളികളെ നേരിടാൻ ഇന്നുതന്നെ ഒരുങ്ങാം. കഴിഞ്ഞവർഷം ഒരു പടിമുന്നോട്ടായുമ്പോൾ 2 പടി പിന്നോട്ടോടിച്ചിരുന്നെങ്കിൽ ഈ വർഷം ഒരു പടി പിന്നോട്ടുപോകുമ്പോൾ രണ്ട് പടി മുന്നോട്ടു കയറാൻ ദൈവത്തിൽ ആശ്രയിക്കാം. അവസാനമായി ഭയത്തെ പൂർണ്ണമായും കീഴടക്കാം. "ഞാൻ നിന്നെ ഒരു നാളും കൈവിടുകയുമില്ല ഉപേക്ഷിക്കുകയുമില്ല എന്ന് അവൻ തന്നെ അരുളിചെയ്തിരിക്കുന്നുവല്ലോ'. ഇത് അരുളിചെയ്തവനെ നന്നായി അറിയുമെങ്കിൽ അവനെ വിശ്വസിക്കാൻ എന്താണു തടസ്സം! "ആകയാൽ കർത്താവെനിക്കു തുണ മനുഷ്യൻ എന്നോട് എന്തുചെയ്യും എന്ന് നമുക്ക് ധൈര്യത്തോടുപറയാം". ഉള്ളതുകൊണ്ട് തൃപ്തരായി ദൈവത്തോടുള്ള സൗഹൃദം കാത്തുസൂക്ഷിച്ചുകൊണ്ട് ദൈവിക വാഗ്ദത്തങ്ങളെ ഒട്ടും സംശയിക്കാതെ അവിടുത്തെ സംരക്ഷണത്തിൽ കീഴിൽ സുരക്ഷിതരായിരിക്കുന്ന നാം എന്തിനു ഭയപ്പെടണം? നമുക്കൊരു മാറ്റം അത്യാവശ്യമാണെന്നു തോന്നുന്നില്ലേ? അതിനായി ദൈവം സഹായിക്കട്ടെ.

# മുല്ലപ്പെരിയാർ . . . . . .

(1–ാംപേജിൽ നിന്ന് തുടർച്ച)

"ആരാന്റമ്മയ്ക്ക് ഭ്രാന്തിളകിയാൽ കണ്ടുനില്ക്കാൻ നല്ല ശേലാണ്" നേതാക്കന്മാരുടെ ഉദാസീനതയും തമിഴ്നാടിന്റെ ശാഠ്യവുമെല്ലാം ചെന്നുകൊള്ളുന്നത് ദശലക്ഷക്കണക്കിന് നിരപരാധികളുടെ നെഞ്ചിലാണ്. ഈ തീക്കളി എത്രയും വേഗം അവസാനിപ്പിക്കണം.

തമിഴ്നാടിന്റെ അഞ്ച് വരണ്ടജില്ലകളിൽ കൃഷി നടക്കുന്നത് മുല്ലപ്പെരിയാറിൽ നിന്ന് തിരിച്ചൊഴുക്കുന്ന വെള്ളം ഉപയോഗിച്ചാണ്. അത് ഇനിയും നടക്കും. പണ്ടത്തെപ്പാട്ടക്കരാറിൽ പറഞ്ഞിരിക്കുന്ന അത്രയും ജലം പുതിയ ഡാമിൽ നിന്നും കൊടുക്കുമെന്നും പുതിയ ഡാമിന്റെ പണിക്ക് അവർ ഒരു ചില്ലിക്കാശ് തരേണ്ടതില്ലെന്നും കേരളം ആണയിട്ടു പറഞ്ഞിട്ടും ജയലളിതക്കും മറ്റുനേതാക്കൾക്കും തലേലോട്ടു കേറുന്നേ ഇല്ല. ഇതിൽ കൂടുതൽ നാം എന്താണു ചെയ്യേണ്ടത്? ഡാം തകർന്നാൽ കുറെ സമ്പത്തു നഷ്ടപ്പെടും എന്നു മാത്രമായിരുന്നെങ്കിൽ തമിഴ്നാടിന്റെ ശാഠ്യം കുറെയൊക്കെ സമ്മതിക്കാമായിരുന്നു. പക്ഷെ ഇത് അതാണോ കഥഅണക്കെട്ടു പൊട്ടിയാൽ 30 ലക്ഷത്തിലധികം മനുഷ്യരും സ്വത്തും ജീവജാലങ്ങളും ഒഴുകി അറബിക്കടലിന്റെ ഭാഗമായിത്തീരുന്ന മഹാസംഹാരമായിരിക്കും ഫലം. പിന്നീടാരും പുതിയ അണക്കെട്ടു കെട്ടില്ല. തമിഴ്നാടിന് അതിൽ നിന്നു വെള്ളം കിട്ടുകയുമില്ല.

**ഇതെങ്ങനെ കോടതിയിലെത്തി?**

കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യം എന്ന സാങ്കേതികത നിരവധി ഉത്തരവാദപ്പെട്ടവർക്ക് മൗനംപാലിക്കാൻ നല്ല മ റയായി. കേസുകോടതിയിലെത്തിയാൽ ചട്ടമനുസരിച്ചേ കോടതിക്ക് കാര്യം ചെയ്യാൻ കഴിയൂ. അതുവരെ ദയവുചെയ്ത് ഭൂകമ്പമുണ്ടാകരുത് ഡാം പൊട്ടരുത് എന്നൊക്കെപ്പറയാമോ. ഇങ്ങനൊരു ജീവൽമരണപ്രശ്നം കോടതിയിലെങ്ങനെ എത്തി?..... അതിനു സമാധാനം പറയട്ടെ ഫെഡറൽ സംവിധാനത്തിലെ അധികാരിവർഗ്ഗം. രണ്ടു സംസ്ഥാനങ്ങളെ വിളിച്ചുകൂട്ടി ഒരു മേശയ്ക്കുചുറ്റുമിരുന്ന് ചർച്ച ചെയ്ത് എന്നേ തീർക്കേണ്ട കാര്യമായിരുന്നു ഇത്. മറ്റെന്തൊക്കെ നഷ്ടം വന്നാലും ഒരൊറ്റ ജീവനും നമ്മുടെ അനാസ്ഥമൂലം ഹാനിവരാൻ പാടില്ല എന്നതാണ് ഒരു ജനാധിപത്യവ്യവസ്ഥിതിയിലെ അധികാരികൾ ആദ്യം എടുക്കേണ്ട പ്രതിജ്ഞ. അതിനു മനസ്സില്ലാത്തവൻ, അതായത് പ്രജകളുടെ ജീവനെടുത്തു പന്താടുന്ന പ്രജാപതി ക്രിമിനലാണ്.

**മറുപടി പറയണം**

30 ലക്ഷം നിരപരാധികളെ വെള്ളപുതപ്പിച്ചു നിരത്തി ക്കിടത്തുമ്പോൾ കനമുള്ള റീത്തുംകൊണ്ട് അനുശോചനമറിയിക്കാൻ വരാനിരിക്കയാണോ ഡൽഹിയിലെ നേതാക്കൾ? ജീവകാരുണ്യത്തിന് ഒന്നേ പറയാനുള്ളൂ. ഭൂകമ്പമുണ്ടാകട്ടെ, ഉണ്ടാകാതിരിക്കട്ടെ അത് ഡാമിന്റെ ശക്തിയെ ദുർബലമാക്കട്ടെ ആക്കാതിരിക്കട്ടെ. ഇവിടെ ഇതൊന്നും പ്രസക്തമല്ല. ഒറ്റക്കാര്യത്തിന് മറുപടി പറയണം നിർമ്മാണസമയത്ത് കുറിക്കപ്പെട്ട ആയുസ്സുതീർന്ന ഒരു കിഴവൻ അണക്കെട്ടിനെ അങ്ങനെതന്നെ വയ്ക്കാൻ ഏതു ശാസ്ത്രജ്ഞനാണ് അതിനു നിങ്ങൾക്കു അനുവാദം തന്നത്? അങ്ങനെതന്നെ വയ്ക്കാൻ ആരാണു നിങ്ങൾക്കധികാരം തന്നത്? അതിന്റെ പേരിൽ നിരപരാധികളുടെ ജീവനെടുത്തു പന്താടാൻ നിങ്ങൾക്ക് എന്തവകാശം? എത്രയുംവേഗം ആശങ്ക കുറയ്ക്കുകയും പുതിയ ഡാമിന്റെ പണി ഉടനടി ആരംഭിക്കുകയും വേണം, എന്തുവില കൊടുത്തും!

# സത്യവേദപുസ്തകത്തിലെ വാക്യങ്ങൾ

(Evg. Jose, Mathew, Hathoj, Rajasthan)

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27പുസ്തകങ്ങളും ഉണ്ട്. ബൈബിളിന്റെ ആദ്യ പ്രതികളിൽ അദ്ധ്യായങ്ങളോ, വാക്യങ്ങളോ മറ്റ് ഇതര വിഭജനങ്ങളോ ഇല്ലായിരുന്നു. പിൽക്കാലത്ത് ക്രമീകൃതമായ ബൈബിൾ പഠനത്തിനാ യി അദ്ധ്യായങ്ങളായും വാക്യങ്ങ ളായും വിഭജിക്കുകയുണ്ടായി. വേദപുസ്തകത്തെ അദ്ധ്യായങ്ങളായി വിഭജിച്ചത് ആർച്ച് ബിഷോപ്പ് സ്റ്റീഫൻ ലങ്സ്റ്റോൺ (Stephen Lagton) ആണ്. അദ്ദേഹം 1228–ൽ അന്തരിച്ചു. എന്നാൽ 1250–ൽ കർദിനാൽ ഹ്യൂഗോ സെൻദുവർ എന്നയാൾ ലത്തീൻ ബൈബിളിന്റെ, ഇന്ന് നാം കാണുന്നതു പോലെ, അദ്ധ്യായങ്ങളായി തിരിച്ചു. ഇതിന് പാരീസ് ബൈബിൾ എന്ന് പേര് നൽകി. പഴയനിയമത്തിൽ ഇന്നു കാണുന്നതുപോലുള്ള വാക്യവിഭജനം നടത്തിയത് 1448–ൽ റബി നാഥാൻ (Rebbi Nathan) ആണ്. 1550–ൽ പാരീഷ് പ്രിന്റർ ആയിരുന്ന റോബർട്ട് സ്റ്റീഫൻ (Robert Stephen) കൂടുതൽ ദൈർഘ്യമുള്ള വാക്യങ്ങളായി വിഭജിച്ച് ഗ്രീക്ക് പുതിയനിയമം പ്രസിദ്ധീകരിച്ചു. അതിനുശേഷം 1555–ൽ വാക്യങ്ങളും അദ്ധ്യായങ്ങളും ചേർത്ത് മുഴുബൈബി ൾ ആദ്യമായി പ്രിന്റ് ചെയ്തു. ഈ ബൈബിളാണ് വാൾഗേറ്റ് (Valgate) എന്ന നാമത്തിൽ അറിയപ്പെട്ടത്. പിന്നീട് റോബർട്ട് സ്റ്റീഫന്റെ പുത്രനായ ഹെന്റി സ്റ്റീഫൻ ഇന്നത്തെ രൂപത്തിലാക്കി. 1560ൽ ജോൺ കാൽവിന്റെ പെങ്ങളുടെ ഭർത്താവായിരുന്ന വില്ല്യം വിറ്റിംഗ്ഹാം (William Wittingham) തന്റെ സഹപണ്ഡിതന്മാരോടൊപ്പം അദ്ധ്യായങ്ങളുടേയും വാക്യങ്ങളുടേയും വിഭജനങ്ങളോട് കൂടിയ ബൈബിൾ ആംഗലേയ ഭാഷയിലേയ്ക്ക് ആദ്യമായി പുറത്തി റക്കി. ഇതിനെ ജനീവ ബൈബിൾ (Geneva Bible)എന്നുപറയു ന്നു. ഷേക്സ്പിയർ, ജോൺബനിയൻ, ഒലിവർ ക്രോംബൻ മുതലായവരൊക്കെയും വായിച്ചിരുന്നത് ഈ ബൈബിളായിരുന്നു. അപ്പോ ക്രിഫാ ഗ്രന്ഥങ്ങളെ ഒഴിവാക്കിയ ആദ്യത്തെ ആംഗലേയ വിവർത്തനമാണിത്. അദ്ധ്യായവാക്യ വിഭജനങ്ങളുടെ അടിസ്ഥാനത്തിൽ 66 പുസ്തകങ്ങളും 1189 അദ്ധ്യായങ്ങളും, 31173 വാക്യങ്ങളും ഉള്ള ബൈബിൾ ഇതാണ്. ഈ ബൈബിൾ ഇന്ന് ഭൂലോകത്ത് ആരും തന്നെ ഉപയോഗിക്കുന്നില്ല.

**ജയിംസ് മഹാരാജാവിന്റെ വിവർത്തനം**

ജയിംസ് മഹാരാജാവ് കിരീടധാരണത്തിനായി ലണ്ടനിലെത്തിയപ്പോൾ, രാജാവിന് പ്യൂരിറ്റൻ പാതിരിമാർ ഒരു നിവേദനം സമർപ്പിച്ചു. ഈ നിവേദനം ആയിരം പേർ ഒപ്പിട്ടതായിരുന്നു. ഈ നിവേദനത്തെ 'മില്ലിനറി പെറ്റീഷൻ' എന്നാണ് വിളിക്കുന്നത്. എല്ലാ കക്ഷികൾക്കും സ്വീകാര്യമായ ഒരു അംഗീകൃത ഇംഗ്ലീഷ് ബൈബിൾ വേണമെന്നുള്ളതായിരുന്നു നിവേദനത്തിന്റെ ഉള്ളടക്കം. ഇതിൻപ്രകാരം 1604 ൽ ജനുവരി 14 മുതൽ 16 വരെ മൂന്നു ദിവസത്തേയ്ക്ക് ഹാംടൻ കോർട്ട് കോൺഫറൻസ് (Hampton Court Conference) എന്നപേരിൽ ഒരു വലിയ സമ്മേളനം നടത്തുകയുണ്ടായി. ഇതിൽവച്ച് Corpus Christi College ന്റെ പ്രസിഡന്റ് ഡോ. ജോൺ റെയ്നോടൽസ് നിലവിലുള്ള ബൈബിളിന് ഒരു പുതിയ തർജ്ജിമയുടെ ആവശ്യമുണ്ടെന്ന് പ്രസ്താവിച്ചു. കാരണം ദിനംതോറും നടന്നുകൊണ്ടിരുന്ന ഇംഗ്ലീഷ് തർജ്ജിമകളിൽ ഏതാണ് ഏറ്റവും മികവുള്ളത് എന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരമായിരുന്നു ജനങ്ങളിൽ നിന്ന് ലഭിച്ചിരുന്നത്. ഈ തർജ്ജിമകളിൽ എല്ലാം തന്നെ പലവിധ കുറവുകൾ ഉണ്ടെന്ന് ജനങ്ങൾ ബോധ്യപ്പെടുത്തി. ആകയാൽ ഈ കുറവുകൾ പരിഹരിച്ച് ഒരു പുതിയ തർജ്ജിമ രൂപീകരിക്കണമെന്ന ജോൺ റെയ്നോട്സിന്റെ അഭിപ്രായത്തോട് മിക്കവാറും എല്ലാവരും താൽപര്യം പ്രകടിപ്പിച്ചു. ആകയാൽ ഈ പുതിയ തർജ്ജിമയുടെ പൂർണ്ണ ഉത്തരവാദിത്വത്തിനായി എബ്രായ ഗ്രീക്ക് പണ്ഡിതന്മാരായ 47 പേർ അടങ്ങുന്ന ഒരു കമ്മീഷനെ നിയമിച്ചു. ഇവർ 1607 ൽ തർജ്ജിമ ആരംഭിക്കുകയും 1610 ൽ പൂർത്തീകരിക്കുകയും ചെയ്തു. അങ്ങനെ എബ്രായ ഗ്രീക്ക് ഭാഷകളിൽ എഴുതപ്പെട്ട ബൈബിളിന്റെ ഏറ്റവും മഹത്തായ ഇംഗ്ലീഷ് പരിഭാഷയാണ് 1611 ൽ പ്രസിദ്ധീകരിച്ച കിംഗ് ജെയിംസ് വേർഷൻ (King James Version). ആംഗലേയ ഗദ്യ സാഹിത്യത്തിലെ ഒരു ഉത്തമസൃഷ്ടിയാണ് ജെയിംസ് മഹാരാജാവിന്റെ ഈ വേദപുസ്തക പരിഭാഷ തനതായ ഭാഷാശൈലിയും പ്രയോഗങ്ങളും കൊണ്ട് ഇന്നും വേറിട്ടു നിൽക്കുന്നു. അതിനെ സമ്പുഷ്ടമാക്കുന്ന പല പ്രയോഗങ്ങൾക്കും ആംഗലേയഭാഷ ബൈബിളിനോട് കടപ്പെട്ടിരിക്കുന്നു.

ഇന്നത്തെപ്പോലെ അന്നും രാഷ്ട്രീയ മതധ്വനികളടങ്ങിയ ഒരു വിഷയമായിരുന്നു വിശുദ്ധ വചനങ്ങളുടെ പരിഭാഷപ്പെടുത്തൽ. സാധാരണക്കാർക്ക് വായിക്കാൻ പാകത്തിലാണോ ഈ വിവർത്തനം എന്ന ചോദ്യം അത് പാരായണം ചെയ്യുമ്പോൾ ഉയർന്നേയ്ക്കാമെങ്കിലും ഈ തനിമയാണതിന്റെ ശക്തിയും. യുക്തത, ലാളിത്യം, യഥാസ്ഥിതിക ഉപദേശം എന്നിവയായിരുന്നു ജെയിംസ് മ ഹാരാജാവ് നിഷ്ക്കർഷിച്ചിരുന്നത്. പക്ഷേ മൂലഭാഷകളായ ഹീബ്രൂ, ഗ്രീക്ക്, അരാമിക് എന്നിവയിൽ നിന്നും ആംഗലേയ ഭാഷയിലേയ് ക്കുള്ള പരിഭാഷ പൂർത്തിയായപ്പോൾ വിവർത്തകർ അതിന് സം ഗീതാത്മകത ചാർത്തിക്കൊടുത്തു. പണ്ഡിതനായാലും പാമരനായാലും ഇതു വായിക്കുമ്പോൾ കേൾവിക്ക് ഇമ്പവും ഹൃദയത്തിൽ തങ്ങുന്നതായി അനുഭവപ്പെടുന്ന ശൈലിയാണ് ഈ പരിഭാഷയ്ക്കുള്ളത്.

1885 ൽ വിക്ടോറിയൻ പണ്ഡിതർ ഇത് പരിഷ്ക്കരിച്ചപ്പോൾ അവർ ഇതിന്റെ വേറിട്ട ശൈലി നിലനിർത്തി. മറ്റുപല ആംഗലേയ പരിഭാഷകളും ഇതിനോടകം നിലവിൽ വന്നെങ്കിലും കെ.ജെ.വി.യുടെ ചാരുതയാണ് ഇന്നും വായനക്കാരെ ആകർഷിക്കുന്നത്. ഇന്നിപ്പോൾ പല സവിശേഷ പതിപ്പുകളും ഇറങ്ങിത്തുടങ്ങി. ദമ്പതികൾക്ക് , സ്വവർഗ്ഗാനുരാഗികളായ പുരുഷന്മാർക്ക്, അങ്ങനെയുള്ള സ്ത്രീകൾക്ക്, ലഹരിയിൽ നിന്ന് മുക്തി നേടിക്കൊണ്ടിരിക്കുന്നവർക്ക്, സാഹസിക കായിക ഇനങ്ങളിൽ ഏർപ്പെടുന്നവർക്ക് എന്നിങ്ങനെ. ഇത് ഇനിയും നീളാം. എന്നാൽ ഇംഗ്ലീഷ് ബൈബിൾ അതു കേൾക്കുമ്പോൾ ആദ്യം സ്മരിക്കുക കിംഗ് ജെയിംസ് വേർഷൻ തന്നെയായിരിക്കും.

ആംഗലേയ ഭാഷയിൽ ലഭ്യമായ ആദ്യത്തെ വേദപുസ്തകമായ കിംഗ് ജെയിംസ് വേർഷൻ ബൈബിൾ പ്രസിദ്ധീകരിച്ചതിന്റെ 400–ാം വർഷം കൊണ്ടാടുന്ന ഈ അവസരത്തിൽ ഈ തർജ്ജിമയോട് മല്ലിട്ട് ജയിക്കാൻ മറ്റൊരു തർജ്ജിമയും ഉണ്ടായിട്ടില്ല എന്നതാണ് സത്യം.

*(അവസാനിച്ചു)*

# ദൈവഹിതം അനുഷ്ഠിക്കുന്ന യാക്കോബ്

(തുടർച്ച)

കഷ്ടസമ്പൂർണ്ണമായ നീണ്ട ഇരുപതു വർഷക്കാലത്തെ രാപ്പകൽ സ്വസ്തതയില്ലാത്ത അടിമജീവിതത്തിന് വിരാമം ഇട്ടുകൊണ്ട്, സ്വർഗ്ഗീയ ആലോചന അതേപടി അനുസരിച്ചിറങ്ങി, സ്വന്ത ദേശത്തേക്ക് യാത്ര ചെയ്ത യാക്കോബിന്റെ മുൻകാല ചരിത്രം വളരെ ദുഃഖകരമായിരുന്നു.

**പ്രശ്നങ്ങളിൽ സ്വന്തം കുടുംബത്താൽ കൈവിടപ്പെട്ട യാക്കോബ് ഉല്പത്തി 27:43 – 45, 28:1 – 9**

ദൈവസ്നേഹത്തിന് പാത്രീഭൂതനായ ഒരു വ്യക്തിയായിരുന്നു യാക്കോബ്. എന്നാൽ ഒരളവുവരെ ഉപായങ്ങളും, സൂത്രപ്പണികളും കൈമുതലായി കൊണ്ടു നടപ്പാൻ ഇടയായതുകൊണ്ട് അതിനനുസരിച്ചുള്ള കഷ്ടങ്ങളും, സങ്കടങ്ങളും, ചതിപ്രയോഗങ്ങളും ജീവിതത്തിൽ അനുഭവിപ്പാൻ ഇടയായി. വീക്ഷണഗതിയിൽ മങ്ങലേറ്റ് തപ്പി നോക്കിയും ശ്രവണശ്രദ്ധയാലും, കാര്യങ്ങൾ ഗ്രഹിക്കുന്ന അപ്പനെ (യിസ്ഹാക്കിനെ)അമ്മയുടെ (റിബേക്കയുടെ) ഭാവനാമൂശയിൽ രൂപം പ്രാപിച്ച ആശയങ്ങൾക്ക് കീഴ്പ്പെട്ട് ആട്ടിറച്ചി കാട്ടിറച്ചിയാക്കി അപ്പനെ തീറ്റിച്ചനുഗ്രഹം തട്ടിയെടുത്ത യാക്കോബിന്റെ ജീവൻ തട്ടിപ്പറിക്കുവാൻ ദൃഢനിശ്ചയം ചെയ്ത ഏശാവിന്റെ ബലിഷ്ഠകരങ്ങളിൽ നിന്നവനെ രക്ഷിപ്പാൻ കെൽപ്പില്ലാതെയും, ദൈവത്തോടവനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രാഗൽഭ്യമില്ലാതെയും പദ്ദൻ ആരാമിൽ ലാബാന്റെ അടിമത്വത്തിലേയ്ക്കവനെ മാതാപിതാക്കൾ പറഞ്ഞയക്കുകയാണുണ്ടായത്.

പദ്ദൻ = പാപത്തിന്റെ ഇരിപ്പിടം
ലാബാൻ = ലോകമോഹം, ഉന്നത ഭാവം

യാക്കോബിന്റെയും ഏശാവിന്റെയും ജനനത്തിനു മുൻപേ യിസ്ഹാക്ക് മക്കൾക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു. ഉല്പത്തി 25:21 കുട്ടികൾ ഉദരത്തിൽ ഉൽപ്പാദിതമായതിനു ശേഷം അവർ ഉദരത്തിൽ കിടന്നുപദ്രവിച്ചപ്പോൾ അതിന്റെ കാരണവും അവരെപ്പറ്റിയുള്ള വ്യക്തമായ ഭാവി ദർശനവും റിബേക്കാ പ്രാർത്ഥനയിൽ ദൈവത്തോടു ചോദിച്ചറിഞ്ഞു. ഉല്പത്തി 25:22,23 എന്നാൽ യാക്കോബിന്റെ വിഷമഘട്ടത്തിൽ ദൈവത്തോടു ചോദിക്കുവാനോ, അവനെ ദൈവാശ്രയത്തിലുറപ്പിക്കുവാനോ കഴിയാതെ പാപത്തിന്റെ ആസ്ഥാനത്തിലേക്കും, ലോകമോഹം, ഉന്നതഭാവം എന്നിവയിലേക്കും തള്ളിവിടുകയാണ് മാതാപിതാക്കൾ ചെയ്തത്.

**റിബേക്കാ യാക്കോബിനെയും യിസ്ഹാക്ക് ഏശാവിനേയും സ്നേഹിക്കുന്നു. ഉല്പത്തി 25:23 – 34**

യാക്കോബിനെക്കുറിച്ചുള്ള ദൈവീക ആലോചന മൂത്തവൻ ഇളയവനെ സേവിക്കും. ഇത്യാദി അവനു ലഭിപ്പാൻ പോകുന്ന അനുഗ്രഹങ്ങളുടെ വാഗ്ദത്തം ദൈവസന്നിധിയിലിരുന്ന് വ്യക്തമായി റിബേക്ക മനസ്സിലാക്കിയതിനാൽ ഒടുവിൽ പുറത്തു വരുന്നവനെ സ്നേഹിപ്പാൻ റിബേക്കാ കാത്തിരുന്നു. എന്നാൽ മക്കളെ കുറിച്ചുള്ള വ്യക്തമായ സന്ദേശം യിസ്ഹാക്കിനു കേൾപ്പാൻ ദൈവത്തിങ്കൽ നിന്ന് റിബേക്കയെപ്പോലെ കഴിയാതിരുന്നതിനാൽ യിസ്ഹാക്ക് ഏശാവിനെ സ്നേഹിച്ചു. അത് അവൻ കൊണ്ടുവരുന്ന കാട്ടിറച്ചിയുടെ രുചി പിടിച്ചായിരുന്നു.

അപ്പനിൽ നിന്നനുഗ്രഹം വാങ്ങേണ്ട സമയം വന്നപ്പോൾ താൻ സ്നേഹിക്കുന്ന ഏശാവിനെ അനുഗ്രഹിപ്പാൻ പ്ലാനിട്ട യിസ്ഹാക്കിന്റെ വാക്കുകൾ



പാസ്റ്റർ ജെ. ഫിലിപ്പ്

റിബേക്ക കേട്ട മാത്രയിൽ യാക്കോബിനെ വിളിച്ച് അവർ ഉദരത്തിൽ കിടന്നപ്പോൾ ദൈവം വ്യക്തമായിട്ടെന്നോടു പറഞ്ഞതാണ് നിന്നെ അനുഗ്രഹിക്കുമെന്ന് ആകയാൽ നമുക്കൊരുമിച്ച് ഉപവാസത്തോടും ഹൃദയനുറുക്കത്തോടും കർത്താവിനോടു പ്രാർത്ഥിക്കാം ദൈവം വാഗ്ദത്തം നിറവേറ്റും എന്നു പറഞ്ഞവനെ ദൈവത്തിങ്കൽ ഉറപ്പിക്കുവാനല്ല റിബേക്കാ തുനിഞ്ഞത്. പിന്നെയോ, ദൈവം പറഞ്ഞ വാഗ്ദത്തം പ്രാപിപ്പാൻ ചില അഭ്യാസങ്ങളും, അടവുകളും, ചില പൊടിക്കൈ പ്രയോഗങ്ങളും വല്യപ്പനായ അബ്രഹാമിന്റെ പ്രത്യാശ നിറഞ്ഞ ആലോചന കേട്ടു വളർന്നു വന്ന മകനെ പഠിപ്പിച്ചു. അതിൻപ്രകാരം പ്രവർത്തിച്ച യാക്കോബിന് ഏശാവിങ്കൽ നിന്നുണ്ടായ പോരിന്റെ മുൻപിൽ മാതാപിതാക്കൾ നിസഹായരായി അവനെ കൈവിട്ടു കളഞ്ഞു.

പ്രതിയോഗിയാം പിശാചിന്റെ വാശിയേറിയ തന്ത്രപ്രയോഗങ്ങളാൽ ഗതിയില്ലാതെ വലയുന്ന തലമുറയുടെ വിടുതലിനായി അഭ്യാസങ്ങളും, അടവുകളും, മാറ്റി വെച്ച് ദൈവസന്നിധിയിൽ ഇരുന്നു കരയുന്ന മാതാപിതാക്കളെയാണ് ഇന്ന് തലമുറകൾക്കാവശ്യമായിരിക്കുന്നത്.

(തുടരും)

## 39–ാമത് കുഴിക്കാല കൺവൻഷൻ

കുഴിക്കാല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ പെന്തെക്കോസ്തൽ അസംബ്ലി സഭയുടെ 39–ാമത് കൺവൻഷൻ 2012 ജനുവരി 4 ബുധൻ മുതൽ 8 ഞായർ വരെ കുഴിക്കാല ഫിലദെൽഫ്യാ ഗ്രൗണ്ടിൽ നടത്തപ്പെടുന്നതായിരിക്കും.

4–ാം തീയതി ബുധനാഴ്ച സഭാ പ്രസിഡന്റ് പാസ്റ്റർ. എം.ഡി. ദാനിയേൽ ഉത്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ കർത്താവിൽ പ്രസിദ്ധരായ കർത്തൃദാസൻമാർ, പാസ്റ്റേഴ്സ് കെ.ജെ.മാത്യു, കെ. ജോയി, എം.എ.ജോൺ എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. കെരുബിം വോയ്സ് ഗാനശുശ്രൂഷനിർവ്വഹിക്കുന്നു. ഈ കൺവൻഷന്റെ അനുഗ്രഹത്തിനായി ദൈവമക്കൾ പ്രാർത്ഥിപ്പാൻ അറിയിക്കുന്നു.


## വിവാഹപരസ്യം

1. പെന്തക്കോസ്ത് യുവതി (24 yrs, 5.2" M.B.A) സ്വകാര്യ ധനകാര്യസ്ഥാപനത്തിൽ അക്കൗണ്ട് എക്സിക്യൂട്ടീവായി ജോലി നോക്കുന്നു. രക്ഷിക്കപ്പെട്ട വിദ്യാഭ്യാസമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും അനുയോജ്യമായ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ : 08141040463, e-mail: blessythomas777@gmail.com

2. പെന്തക്കോസ്ത് യുവതി (23 yrs, 5.5" B.Com, B Ed in computer Science) രക്ഷിക്കപ്പെട്ടതും വിദ്യാഭ്യാസയോഗ്യതയുമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽനിന്നും അനുയോജ്യമായ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ : 9847516965, e-mail : susanthampy777@gmail.com

3. റോമൻ കത്തോലിക്ക സമൂഹത്തിൽ നിന്ന് ഏകനായി വിശ്വാസത്തിൽ വന്ന പെന്തക്കോസ്തു യുവാവ് (33, ഭരതർ കമ്യൂണിറ്റി) 5.3", ഇരുനിറം B.A Lit ബിരുദം പൂർത്തിയാക്കാനായില്ല. ഇപ്പോൾ തിരുവനന്തപുരത്ത് ഹോട്ടലിൽ അക്കൗണ്ടന്റ്. ജാതി പ്രശ്നമല്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ : 9446040239

4. 27വയസ്സ് പൂർത്തിയായ പെന്തക്കോസ്തു യുവാവ്. തികച്ചും അനാഥയായ വിശ്വാസിപെൺകുട്ടിയെ വിവാഹത്തിനായി അന്വേഷിക്കുന്നു. അന്യസംസ്ഥാനത്തു നിന്നുള്ളവരെയും പരിഗണിക്കും. പ്രാർത്ഥനാജീവിതവും സുവിശേഷവേലയ്ക്കു താല്പര്യവുമുള്ള പെൺകുട്ടികൾക്ക് മുൻഗണന. അടൂർ. ഫോൺ : 9946994736


## കൃതികൾ ക്ഷണിയ്ക്കുന്നു

തിരുവല്ല: ജറുസേലം ക്രൈസ്തവ സാഹിത്യഅവാർഡിലേക്ക് കൃതികൾ ക്ഷണിക്കുന്നു. ഏതു വിഭാഗത്തിൽപ്പെട്ട കൃതികളും വിവർത്തനങ്ങളും അയയ്ക്കാം. ജെ.സി. ദേവ് ചെയർമാനായ അഞ്ചംഗ കമ്മറ്റി 10000, 5000, 3000 രൂപയും ഫലകവുമടങ്ങിയ അവാർഡുകൾ നിർണ്ണയിക്കും. കൃതികളുടെ 5 കോപ്പികൾ വീതം ഡിസംബർ 31നു മുൻപ് ലഭിച്ചിരിക്കണം. വിതരണം തിരുവല്ലയിലെ സദസ്സിൽ വച്ച് 2010 ജനുവരി 25ന്. വിലാസം **ജറുസലേം പബ്ലിക്കേഷൻസ്, പോസ്റ്റ് ബോക്സ് നമ്പർ 30, കുറ്റപ്പുഴ പി.ഒ തിരുവല്ല – 689103**

എന്റെ ഗൾഫ് പര്യടനം

(കഴിഞ്ഞലക്കം തുടർച്ച)

# അനുനിമിഷം വളരുന്ന ദുബൈ

ജെ. സി. പാറക്കടവിൽ

**ഗൾഫ് പര്യടനത്തിനായി ഞാൻ 2011 ഒക്ടോബർ 20–ാം തീയതി എമിരേറ്റ്സ് വിമാനത്തിൽ യാത്ര ചെയ്യാൻ തിരുവനന്തപുരം എയർപോർട്ടിൽ ഇന്റർനാഷണൽ ടെർമിനലിൽ എത്തിയ വിവരമാണ് കഴിഞ്ഞലക്കത്തിൽ പറഞ്ഞത് തുടർന്ന് വായിക്കുക.**

### എമിറേറ്റ്സ് വിമാനം

ദുബൈ കേന്ദ്രമാക്കി വളരെ വ്യാപകമായി, ലോകത്തിന്റെ 6 ഭൂഖണ്ഡങ്ങളിലേക്ക്, 62 രാജ്യങ്ങളിലെ 11 വൻ നഗരങ്ങളിലേക്ക് സർവീസ് നടത്തുന്ന യു.എ.ഇ(യുണൈറ്റഡ് അറബ് എമിരേറ്റ്സ്) യുടെ വിമാനമാണ് എമിരേറ്റ്സ്. അമേരിക്കയിലെ വൻകിട നഗരങ്ങളിലേക്ക് ദീർഘദൂര നോൺ സ്റ്റോപ്പ് സർവ്വീസ് നടത്തുന്ന പത്ത് വിമാനങ്ങളിൽ ഒന്നാണ് എമിരേറ്റ്സ്. അരലക്ഷം ജീവനക്കാരാണ് ഈ കമ്പനിയുടെ ജീവൻ. 1985 ഒക്ടോബർ 25ന് ആരംഭിച്ച എമിരേറ്റ്സ് ഈ രംഗത്ത് നിരവധി അവാർഡുകൾ വാങ്ങിക്കൂട്ടിയിട്ടുണ്ട്. അവർ ഉപയോഗിക്കുന്നത് പ്രധാനമായും ബോയിങ്777 എയർബസ്സുകളാണ്. താരതമ്യേന ചിലവുകുറഞ്ഞ വിമാനസർവ്വീസുകളിൽ ഒന്നാണ് എമിരേറ്റ്സ്. ഈ യാത്രാവിവരണത്തിൽ മറ്റെവിടെയെങ്കിലും എമിരേറ്റ്സിനെപ്പറ്റി മാത്രം എഴുതാൻ തല്ക്കാലം കഴിയാത്തതിനാലാണ് ഇവിടെ അതിനെപ്പറ്റി ഒരല്പം കുറിച്ചത്.

വിമാനത്തിന്റെ വാതിലിൽ നിന്നിരുന്ന എയർഹോസ്റ്റസ് അഭിവാദ്യം ചെയ്ത് ഞങ്ങളെ അകത്തേക്ക് കയറ്റിവിട്ടു. എല്ലാവരും അവരവരുടെ സീറ്റു തിരയുന്ന തിരക്ക്. സീറ്റു കണ്ടെത്തിയവർ തൊട്ടുമുകളിലുള്ളതും വലിച്ചു താഴ്ത്താവുന്നതുമായ ഷെൽഫിൽ ഹാന്റ് ബാഗുകൾ വയ്ക്കുന്ന തിരക്ക്. എന്റെ സീറ്റ് 18K, ജനാലയ്ക്കരികിലായിരുന്നു. അതിലിരുന്ന് വിമാനം ഉയരുമ്പോഴും താഴുമ്പോഴും താഴേക്കു നോക്കി കാഴ്ചകൾ കാണുന്നത് എനിക്കിഷ്ടമായിരുന്നു. പക്ഷെ ഇക്കുറി എന്റെ സീറ്റ് വിമാനത്തിന്റെ ചിറകിന്റെ മുകളിലുള്ള ജനാലയ്ക്കരികിലായിരുന്നതിനാൽ എന്റെ പൂതി നടപ്പിൽ വന്നില്ല. ഇടവഴിയുടെ ഇടത്തെ സൈഡിൽ രണ്ടു സീറ്റുകളാണ്. 18K ഉം 18Lഉം. ഞാനെത്തുമ്പോഴേയ്ക്ക് 18Lൽ ഒരുപെൺകുട്ടി ഇരിക്കുന്നുണ്ടായിരുന്നു. തിരുവനന്തപുരം ജവഹർനഗറിൽ താമസിക്കുന്ന കീർത്തിയായിരുന്നു ആ കുട്ടി. എന്റെ ലിഡിയമോളുടെ പ്രായമാണ് അവൾക്കും. ബ്രിട്ടനിൽ ബി.ബി.എ പഠിക്കാൻ പോകയാണെന്ന് കീർത്തി പറഞ്ഞു. അവളുടെ അമ്മാവൻ കുടുംബസമേതം അവിടെയുണ്ട്. അവൾ ആദ്യമായാണ് വിമാനയാത്ര ചെയ്യുന്നതെന്നും അല്പം ഭയമുണ്ടെന്നും ആ കുട്ടി എന്നോട് പറഞ്ഞു. ഞാനവളെ ആശ്വസിപ്പിച്ചു അപ്പപ്പോൾ വേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുത്തു. വിമാനം ദുബൈയിലിറങ്ങി തന്റെ പരിചയക്കാരിയെ കണ്ടെത്തുന്നതുവരെ അവൾ എന്നോടൊപ്പം ഉണ്ടായിരുന്നു.

ഒറ്റക്ക് ഒരിടത്തും കുട്ടികളെ അയയ്ക്കാതെയും സ്വന്തമായി കാര്യങ്ങൾ ചെയ്യാൻ അവരെ പരിശീലിപ്പിക്കാതെയും മക്കളോട് വാത്സല്യം കാട്ടുന്ന മലയാളി മാതാപിതാക്കൾ ഇന്നുമുണ്ട്. പെൺകുട്ടികൾ അവരവരെത്തന്നെ സൂക്ഷിക്കുന്നവരാണെങ്കിൽ പഠനത്തിനോ ജോലിക്കോ ആയി സഞ്ചരിക്കുന്നതിൽ ഭയപ്പെടേണ്ടതില്ല. പൂവാലന്മാരെ ലൈംഗികമായി പ്രകോപിപ്പിക്കുന്ന രീതിയിലുള്ള അശ്ലീലവസ്ത്രധാരണം കുട്ടികൾക്കു ദോഷം ചെയ്യും. ഇക്കാര്യം മാതാപിതാക്കളും മക്കളും അറിഞ്ഞു പ്രവർത്തിച്ചാൽ നന്ന്. പിന്നെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിൽ ജീവിതം സമർപ്പിച്ച കുട്ടികൾ എല്ലാ അർത്ഥത്തിലും എവിടെയും സുരക്ഷിതരായിരിക്കും. കൃത്യസമയത്തുതന്നെ ഞങ്ങളുടെ വിമാനം യു.എ.ഇയിലെ ദുബൈ ഇന്റർനാഷണൽ എയർപോർട്ടിൽ ലാന്റു ചെയ്തു.

### ദുബൈ ഇന്റർനാഷണൽ എയർപോർട്ട്

യു.എ.ഇ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന യുണൈറ്റഡ് അറബ് എമിരേറ്റ്സ് എന്ന അറബ് രാഷ്ട്രസഖ്യത്തിലെ ഏറ്റവും വലിയ പട്ടണമായ ദുബൈയിലാണ് ദുബൈ ഇന്റർനാഷണൽ എയർപോർട്ട് സ്ഥിതി ചെയ്യുന്നത്. ഇതു മദ്ധ്യപൂർവ്വദേശത്തെ ഏറ്റവും വലിയ വ്യോമയാനകേന്ദ്രവും ദുബൈയിലെ ഏറ്റവും വലിയ വിമാനത്താവളവുമാണ്. 2010 ജൂലൈയിലെ കണക്കു പ്രകാരം അന്റാർട്ടിക്ക ഒഴികെ ഭൂമിയിലുള്ള മറ്റെല്ലാ വൻകരകളിലുമുള്ള 220 കേന്ദ്രങ്ങളിലേക്ക് 130 വിമാനങ്ങളിലായി ഒരാഴ്ചയിൽ 6000 പറക്കലുകളാണ് ഇവിടെ നിന്നുള്ളത്. 2010ൽ ഏകദേശം 47.2 ദശലക്ഷം യാത്രക്കാരാണ് ഇവിടെ വന്നുപോയത്. അങ്ങനെ ഇത് ലോകത്തിലെ ഏറ്റവുമധികം ആൾത്തിരക്കുള്ള എയർപോർട്ടുകളിൽ 13–ാം സ്ഥാനത്ത് നിൽക്കുന്നു. ചരക്കു നീക്കത്തിന്റെ കാര്യത്തിൽ ദുബൈയ്ക്ക് ലോകത്തിൽ 8–ാം സ്ഥാനമാണുള്ളത്. 2010ൽ അവർ 2.27 ദശലക്ഷം ടൺ ചരക്കാണ് കൈകാര്യം ചെയ്തത്. 2010ൽ ഇവിടെ വന്നുപോയ മൊത്തം വിമാനങ്ങളുടെ എണ്ണം 2,92,662 ആണ്.

ലോകത്തിലെ ഏറ്റവും വലിയ ടെർമിനലുകളിൽ ഒന്നാണ് ദുബൈ ഇന്റർനാഷണൽ എയർപോർട്ടിലെ മൂന്നാം ടെർമിനൽ. ഇത് എമിരേറ്റ്സ് സർവ്വീസിനു മാത്രമായി മാറ്റിവച്ചിരിക്കുന്നു. എമിരേറ്റ്സ് വിമാനങ്ങൾക്കു മാത്രമായി മാറ്റിവച്ചിട്ടുള്ള ടെർമിനൽ 3 ഏറ്റവുമധികം ആളുകളെ ഉൾക്കൊള്ളാൻ വലിപ്പമുള്ള ലോകത്തിലെ ഏറ്റവും വലിയ ഒറ്റക്കെട്ടിടമാണ്. ഇതുകൂടെ ചേരുമ്പോൾ ഈ വിമാനത്താവളത്തിൽ 62 ദശലക്ഷം യാത്രക്കാരെ ഉൾക്കൊള്ളാൻ കഴിയും. ഇനി പണിതുവരുന്ന ഭാഗങ്ങളുടെ കൂടെ ചേർത്ത് 2018 ആകുമ്പോഴേയ്ക്ക് 90 ദശലക്ഷം ആളുകളെ ഉൾക്കൊള്ളത്തക്ക വലിപ്പത്തിലേക്ക് വളരുന്നു ഈ എയർപോർട്ട്. പോരെങ്കിൽ ഇവിടത്തെ അമിതമായ തിരക്കു കുറയ്ക്കുന്നതിനായി 140 സ്ക്വയർ കിലോമീറ്റർ (54 സ്ക്വയർ മൈൽ) വിസ്തൃതിയിൽ തൊട്ടടുത്തു തന്നെ അൽ മക്റ്റോം ഇന്റർനാഷണൽ എയർപോർട്ട് എന്നൊരെണ്ണം പണിപൂർത്തിയായി വരുന്നുണ്ട്.

(തുടരും)

Date of Posting : 12th December 2011
Posted at : RMS, Trivandrum
*If undelivered please return to*
**Jeevacarunyam**
**Thampanoor, Thiruvananthapuram - 1**

**To,**

**Jeevacarunyam Monthly**
RNI.No. KERMAL/2009 29022
KL/TV(N)609/2009-2011

Licence to post without pre-payment
KL/TVM(N)/WPP/152/09-11

# നക്ഷത്രങ്ങൾക്കിടയിൽ കൂടുകെട്ടുന്ന മനുഷ്യൻ

**ശാസ്ത്രകൗതുകം**

**ഡോ.എ. രാജഗോപാൽ കമ്മത്ത്**

പത്തുവർഷം മുൻപ് കസാഖ്സ്താനിലെ വിക്ഷേപണത്തറയിൽ നിന്നും കുതിച്ചുയർന്ന ആദ്യ മോഡ്യൂളിന് ഒരു ബസ്സിന്റെ വലുപ്പമാണ് ഉണ്ടായിരുന്നത്. സല്യൂട്ട്, മിർ തുടങ്ങിയ സ്പേസ് സ്റ്റേഷനുകൾ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച പരിചയസമ്പത്ത് റഷ്യൻ സ്പേസ് ഏജൻസിക്കു മുതൽക്കൂട്ടായി. തുടർന്ന് ഒരു മാസത്തിനുള്ളിൽ നാസയുടെ സ്പേസ് ഷട്ടിലിൽ യൂണിറ്റ് കണക്ടർ എന്ന ഭാഗവും ഭ്രമണ പഥത്തിലെത്തി. രണ്ടു ഘടകങ്ങളും കൂട്ടിയോജിപ്പിക്കുന്ന പ്രക്രിയ പൂർത്തിയായതോടെ ബഹിരാകാശത്തെ അന്താരാഷ്ട്ര മൈത്രിക്കു തുടക്കമായി. ശീതയുദ്ധകാലത്ത് പിന്തിരിഞ്ഞുനിന്ന യു.എസും റഷ്യയും അരനൂറ്റാണ്ട് മുൻപ് ബദ്ധശത്രുക്കളായിരുന്നു. യൂറോപ്യൻ രാജ്യങ്ങളും ജപ്പാനും ജപ്പാനും ഒരുമിക്കുന്നത് കൗതുകത്തോടെയാണ് ശാസ്ത്രലോകം കണ്ടത്.

1995-ലാണ് നാസ, റഷ്യയുടെ മിർ സ്പേസ്സ്റ്റേഷനുമായി യോജിച്ച് പ്രവർത്തനമാരംഭിച്ചത്. നാസയുടെ ബഹിരാകാശ യാത്രികർ രണ്ടുവർഷത്തോളം മിർസ്റ്റേഷനിൽ പരിശീലനം നേടി. റഷ്യയുമായി ചേർന്ന് കുറഞ്ഞചെലവിൽ സ്പേസ്സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ചുള്ള പല സുപ്രധാന വിവരങ്ങളും നാസ സ്വായത്തമാക്കി. ഇതുവരെ ഏതാണ്ട് അഞ്ഞൂറിലേറെ പേർ പല യാനങ്ങളിലായി ബഹിരാകാശത്തെത്തിയിട്ടുണ്ട്. റഷ്യ അറുപതുകളിൽതന്നെ മനുഷ്യനെ ചന്ദ്രനിലെത്തിക്കാനുള്ള ശ്രമം തുടങ്ങിയെങ്കിലും മനുഷ്യരില്ലാത്ത പരീക്ഷണയാനങ്ങൾ മൂന്നെണ്ണം പരാജയപ്പെട്ടതിനാൽ പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്. എഴുപതുകളിൽ സല്യൂട്ട് സ്പേസ് സ്റ്റേഷനും എൺപത്തിയാറിൽ മിർ സ്റ്റേഷനും ബഹിരാകാശത്തെത്തി. മിർ സ്റ്റേഷനിൽ 438 ദിവസം തുടർച്ചയായികഴിഞ്ഞ് വലേരി പൊള്യക്കോവ് റിക്കാർഡിട്ടു.

സ്പേസ്ഷട്ടിൽ, മിർ സ്റ്റേഷനുമായി നടത്തിയ ഡോക്കിങ് തുടർന്നുണ്ടായ തുടർന്നുണ്ടായ ദൗത്യങ്ങൾക്കു പ്രചോദനമായി. ബഹിരാകാശ ഗവേഷണ രംഗത്തെ അന്താരാഷ്ട്ര കൂട്ടായ്മക്കും ശാസ്ത്രീയമായ ഗവേഷണത്തിനും ഇതു വഴിയൊരുക്കി. ഇപ്പോഴത്തെ ദൗത്യത്തിൽ ആറുപേരാണ് സ്റ്റേഷനിലുള്ളത്. നാസയുടെ മൈക്കൽ ഫിൻകെയാണ് കമാൻഡർ. റഷ്യയുടെ യൂറിലോബക്കോവ്, ജപ്പാന്റെ കൊയിച്ചിറ കാറ്റ, നാസയുടെ സാൻഡ്ര മാഗ്നസ്, ഗ്രെഗ് ചാമിറ്റോവ് എന്നീ ഫ്ളൈറ്റ് എഞ്ചിനീയർമാരും അംഗങ്ങളായുണ്ട്. ഇപ്പോൾ സ്പേസ് സ്റ്റേഷനിൽ രണ്ട് ബഹിരാകാശ യാനങ്ങൾ ഡോക്ക് ചെയ്തിട്ടുണ്ട്. സോയൂസ് ടിഎംഎ-12 സാര്യമോഡ്യൂളിലും സ്പേസ് ഷട്ടിൽ ഹാർമണി മോഡ്യൂളിലൂമാണ് ഡോക്ക് ചെയ്തിരിക്കുന്നത്. ഈയിടെ നടന്ന അമേരിക്കൻ വോട്ടെടുപ്പിൽ രണ്ടു യാത്രികർ ബഹിരാകാശത്തു വെച്ച് വോട്ടു രേഖപ്പെടുത്തുകയും ചെയ്തു.

ആദ്യ റോക്കറ്റെന്ന പോലെ മനുഷ്യനിന്നു നടത്തുന്ന ഓരോ ബഹിരാകാശ യാത്രയും ഒരു പരീക്ഷണപ്പറക്കലാണ്. വളരെയധികം സങ്കീർണമാണ് ഭൂമിയിൽ നിന്നും ബഹിരാകാശത്തെത്തുന്ന പ്രക്രിയയും തിരികെ അന്തരീക്ഷത്തിൽ പ്രവേശിച്ച് സുരക്ഷിതമായി നിലത്തിറങ്ങുന്നതും. ഓരോ യാത്രയിലും പുതിയ വിവരങ്ങൾ ലഭിക്കുകയും അത് അടുത്ത യാത്രയുടെ കൃത്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. 2003-ൽ കൊളംബിയ സ്പേസ് ഷട്ടിൽ യാത്രികരുമായി തിരികെ ഭൂമിയിലിറങ്ങുന്നതിനിടെ തകർന്നത് നാസയ്ക്ക് വൻതിരിച്ചടിയായി. ഈ ദുരത്തിൽ ഇന്ത്യാക്കാരിയായ കല്പനാ ചൗളയുടെ ജീവൻ പൊലിഞ്ഞു. തുടർന്നുള്ള കുറെ യാത്രകൾ റഷ്യൻ പ്രോഗ്രെസ്സ് സ്പേസ് ക്രാഫ്റ്റുകളാണ് നടത്തിയത്. ഇന്ത്യൻ വംശജയായ സുനിതാ വില്യംസ്, സ്പേസ് സ്റ്റേഷനിൽ ദീർഘനാൾ കഴിഞ്ഞിട്ടുണ്ട്. **(തുടരും)**

# വചന വെളിച്ചത്തിൽ സ്ത്രീധനം.....

5-ാം പേജിൽ നിന്ന്

കഴിയാത്തതിന്റെ മനോദുഃഖത്താൽ ശാരീരികക്ഷീണിതയായി കഴിയുന്നു. എഴുതുന്ന എനിക്കോ, വായിക്കുന്ന നിങ്ങൾക്കോ ഈ സ്ഥിതി വരുന്നെങ്കിൽ എന്താകുമെന്നു ചിന്തിച്ചു ദൈവവചനത്തിൽ ആശ്രയിച്ച് വചനാനുസരണം ചെയ്യാൻ തയ്യാറാകുക.

ശുശ്രൂഷകന്മാർ സഭകളിൽ വചനം ശുശ്രൂഷിക്കുമ്പോൾ ഈ ലഘുലേഖനത്തിൽ സൂചിപ്പിച്ച വചനങ്ങൾ കൂടെ സന്ദർഭോചിതമായി പറഞ്ഞ് വിശ്വാസികളെ പഠിപ്പിക്കുകയും വചനപ്രകാരം ചെയ്യുവാൻ ഉപദേശിക്കുകയും ചെയ്യേണ്ടതല്ലേ? പല ദൈവവേലക്കാർക്കും ഈ കാര്യം മറ്റുള്ളവരോടു പറയാൻ അവർക്കു യോഗ്യതയില്ല കാരണം ഈ വിഷയത്തിൽ അവർ തോറ്റവരാണ്. ഒരു ദൈവവേലക്കാരൻ അദ്ദേഹത്തിന്റെ മകനെ വിവാഹം കഴിപ്പിച്ചപ്പോൾ എന്നോടു പറഞ്ഞതാണ് ഞാൻ ഒന്നും ചോദിച്ചില്ല. അവർ 20 ലക്ഷം തന്നു. അങ്ങനെയുള്ള പാർട്ടി വരുന്നതുവരെ മകനെ വിവാഹം കഴിപ്പിക്കാതെ നിർത്തി. പാവപ്പെട്ട പെൺകുട്ടികൾ അവരുടെ സഭയിലും ഉണ്ടായിരുന്നു. അതൊന്നും ദൈവഹിതമല്ലായിരുന്നു.

**പണം അധികമായാൽ വരുന്ന ദോഷങ്ങൾ:**

1.ദൈവത്തെ മറക്കാൻ ഇടയാക്കുന്നു (ആവർ. 8:13, 14). 2.വിശ്വസ്തത നഷ്ടപ്പെടുത്തുന്നു (സദൃ. 28:20).3.സ്വർഗ്ഗരാജ്യത്തിൽ പോകാൻ തടസ്സം (മത്താ. 19:23).4.ജീവിതം ശൂന്യമാക്കുന്നു (മർക്കോ. 4:19).5.ശക്തമായ പരീക്ഷകൾ വരും (1തിമൊ. 6:9).6.സമ്പത്തിൽ മനസ്സ് വെയ്ക്കരുത് (സങ്കീ. 62:10).

ഈ വചനങ്ങൾ കൂടി വായിച്ച് ധ്യാനിക്കയും വചനത്തിൽ ഉറയ്ക്കയും ചെയ്യുക. ഇത് സംബന്ധിച്ചുള്ള പ്രതികരണങ്ങൾക്ക് ബന്ധപ്പെടുക.

പാസ്റ്റർ ജോൺസൺ നാഴിപ്പാറ,
കാട്ടാമ്പാക്ക് പി.ഒ.ഞീഴൂർ, കോട്ടയം.
ഫോൺ : 04829-264727, 9446424727




തിരുവനന്തപുരത്ത്
സെല്ലാറുകൾ വില്പനയ്ക്ക്
Contact : 9446040239

# ശേഖേമിനോട് വിട പറയുക (തുടർച്ച)

 റ്റി. വിജയപ്രകാശ്, കമ്പിളികണ്ടം

അബ്രാമിന്റെ കനാൻ ദേശത്തേയ്ക്കുള്ള യാത്രയിൽ ആദ്യം കൂടാരം അടിച്ചതു ശേഖേമിൽ ആണ്. എങ്കിലും തന്റെ ആരാധനയ്ക്ക് മാറ്റം വന്നില്ല. ശേഖേം നിവാസികളുടെ അനീതിപ്രവർത്തികളെ കുറിച്ച് ന്യായ 6:9 മുതൽ പറഞ്ഞിരിക്കുന്നു. യെരുബ്ബാലിന്റെ മകനായ അബീമേലക് അസംഖ്യം ജനങ്ങളെ കാലാപുരിയിലേക്ക് അയച്ചു. മാത്രമല്ല പതിയിരിക്കുന്ന കവർച്ചക്കാരനെ പോലെ ഒരു കൂട്ടം പുരോഹിതന്മാർ ശേഖേമിലേയ്ക്കുള്ള വഴിയിൽ കുല ചെയ്യുന്നു. (ഹോശ. 6:9) ആത്മീകബോധം നഷ്ടപ്പെട്ട ജനം, വിശ്വാസപാതകംകൊണ്ടും രക്തംകൊണ്ടും പട്ടണം മലിനമായിരിക്കുന്നു. ദുഷ്കർമ്മം പ്രവർത്തിക്കുന്നവർ, പരസംഗം ചെയ്യുന്നവർ, ദുഷ്ടത, അകൃത്യം വ്യാജം (ഹോശ. 6:7, 7:1) ഈ രീതിയിൽ അധഃപതിച്ച സ്ഥാനത്തേക്കാണ് അബ്രാം വീണ്ടും യാത്ര ചെയ്തത്. പാർക്കേണ്ട സ്ഥാനത്തു പാർക്കാത്തതുകൊണ്ടും പാർക്കരുതാത്ത സ്ഥാനത്തു പാർത്തതുകൊണ്ടും വിവിധ തരത്തിലുള്ള കഷ്ടതകൾ തന്റെ ജീവിതത്തിൽ നേരിടേണ്ടി വന്നു. അബ്രാം നമുക്ക് ദൃഷ്ടാന്തമായി ഇന്നും നിലനിൽക്കുന്നു.

ദൈവത്തിന്റെ നേരിട്ടുള്ള വിളിയും തെരഞ്ഞെടുപ്പും, നിയോഗവും പ്രാപിച്ച് വാഗ്ദത്ത ദേശത്തിലേക്കുള്ള പാസ്പോർട്ടും വിസയും എന്റെ പക്കൽ ഉണ്ട് എന്ന് അഭിമാനിക്കുകയും പ്രശംസിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനിയെ! നിന്റെ ഇപ്പോഴത്തെ സ്ഥാനം എവിടെ? നിന്റെ അവസ്ഥ എന്ത്? നിന്റെ ആത്മീയ നിലവാരം എപ്രകാരം ഇരിക്കുന്നു? സ്വർഗ്ഗീയ കാനാനിലേയ് ക്കുള്ള യാത്രയിൽ ശേഖേമിൽ നീ കൂടാരം ഉറപ്പിച്ചിരിക്കുകയാണോ? നിന്റെ വേർപാടും വിശുദ്ധിയും സുരക്ഷിതമാണോ? നീ ഇരിക്കുന്ന സ്ഥാനം ശേഖേം ആകുന്നുവെങ്കിൽ സകലവും നശിച്ചു എന്നതിന് സംശയമില്ല. ഇതു നിമിത്തം ഉണ്ടായ വിപത്തുകൾ എന്തെല്ലാം?

**1. ദേശത്തു വലിയ ക്ഷാമം ഉണ്ടായി.** (ഉല്പ 12:10) മാനംമുട്ടെ പണിതുയർത്തിയ രമ്യഹർമ്മ്യങ്ങളിൽ കറങ്ങുന്ന കസേരയിലും തീൻമേശയിലും ഇരുന്ന് . . . 'ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ ഇങ്ങനെയിരിക്കും' 'ഞാൻ ധനവാൻ എനിക്ക് ഒന്നിനും മുട്ടില്ല' എന്ന ഭാവത്തിൽ ഇരിക്കുന്ന വിശ്വാസി! നിന്റെ മാളികയുടെ മുകളിലേയ്ക്കുള്ള പടവുകൾ ചവുട്ടികയറി ആ താഴ്വരകളിലേക്കു ഒന്നു നോക്കൂ, ദേശത്തു വലിയ ക്ഷാമം. ആഹാരമില്ലാതെ, വസ്ത്രമില്ലാതെ കുടിനീർ ഇല്ലാതെ ആയിരം പതിനായിരങ്ങൾ ചത്തുമലർക്കുന്നു. അസ്ഥികൂമ്പാരങ്ങളുടെ നിലവിളി ഉയരുന്നു. സാന്മാർഗ്ഗിക ബോധം നഷ്ടപ്പെട്ടവർ ആത്മീകത്തിന്റെ കണികപോലും സ്പർശിച്ചിട്ടില്ലാത്തവർ ആരാധനകൾ ആചാരമായി മാറ്റിയിരിക്കുന്നു. സ്നേഹം മനുഷ്യ സഹവാസികളിൽ നിന്ന് ഓടി പാറപ്പിളർപ്പുകളിൽ ഒളിച്ചിരിക്കുന്നു. ജീവനവും ഉപദേശവും വേണ്ടാത്ത ആത്മീകകോമരങ്ങളെ സൃഷ്ടിക്കുകയാണീ തലമുറ. ആ ത്മീയ ദാരിദ്ര്യം പ്രശ്നമേയല്ല. ഭൗതികമാണ് വലുത്. ഭൗതികമല്ല ആത്മീകതയുടെ മാനദണ്ഡം. ഒരു പക്ഷേ അന്തർദേശീയ ക്ഷാമം മാറ്റുവാൻ വേണ്ടി പലതും ചെയ്തുകൂട്ടുന്നുണ്ടായിരിക്കാം. അതുകൊണ്ട് മാത്രം തൃപ്തിപ്പെടരുത്. മനുഷ്യപ്രയത്നത്താൽ തീർക്കുവാൻ കഴിയാത്ത ഒരു ക്ഷാമം നിലനിൽക്കുന്നു. മനുഷ്യന്റെ ആഭ്യന്തരക്ഷാമം. അന്തർദേശീയ ക്ഷാമത്തിനുദാഹരണം 'വസ്ത്രം' ആഭ്യന്തരക്ഷാമത്തിനുദാഹരണം 'വിശപ്പ്'. ഈ വിശപ്പിനു പരിഹാരം നൽകുന്നത് ഗവണ്മെന്റ് അല്ല. ക്രിസ്തുവിനെ അനുഗമിക്കുന്ന ക്രിസ്ത്യാനിയുടേതാണ്.(IIദിന 7:13-14). സഭകളിൽ, ഭവനങ്ങളിൽ വ്യക്തികളിൽ, സംഘടനകളിൽ, യുവജനങ്ങളുടെ മദ്ധ്യത്തിൽ, ആരാധനയിൽ ഈ ആത്മീയസന്തോഷം നഷ്ടപ്പെടുവാൻ കാരണം എന്താണ്. മടങ്ങിവരാം. വിടുതൽ നിശ്ചയമാണ്.

**2. മിസ്രയിമിൽ പാർപ്പാൻ ഇടയായി** (ഉല്പ 12:10) മിസ്രയിമിനെ കുറിച്ച് വേദപുസ്തകത്തിൽ ഒട്ടുവളരെ പ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്. പുറജാതികളുടെ നിവാസകേന്ദ്രം (സങ്കീ 114:1) ചതഞ്ഞ ഓടക്കോല് (2 രാജാ 138:21, യെര 36:8) ധന്യസമൃദ്ധിയുള്ള ദേശം (ഉല്പ 45:5-9) വിഗ്രഹാരാധനയുടെ കേന്ദ്രസ്ഥാനം(1രാജാ 12:25-33) ഇങ്ങനെ സകല അശുദ്ധിയുടെയും ഈറ്റില്ലമാണ് മിസ്രയീം. സകലവും വിട്ട് ഇറങ്ങിയ അബ്രഹാം മിസ്രയിമിൽ ഉള്ള സമൃദ്ധിയും ഉയർച്ചയും അവിടെ താമസിക്കുവാൻ നിർബന്ധിതനാക്കി. ഒരുപക്ഷേ ദൈവം തനിക്ക് വാഗ്ദത്തം ചെയ്ത ദേശം ഇതായിരിക്കും എന്നു ചിന്തിച്ച് അവിടെ പാർത്തു. (തുടരും)

# ബൈബിൾ ക്വിസ് 12

## ഡിസംബർ 2011. ലേവ്യാ 21-30 വരെ

1. ദൈവത്തിന്റെ ഭോജനയാഗം അർപ്പിക്കാൻ പാടില്ലാത്ത പുരോഹിതനാര്?
2. ദൈവത്തിനു പ്രസാദമാകത്തക്കവണ്ണം അർപ്പിക്കേണ്ട യാഗം?
3. യിസ്രായേലിലെ നാലാമത്തെ ഉത്സവമേത്?
4. ദീപങ്ങൾ എത്രദിവസം കത്തിക്കൊണ്ടിരിക്കണം?
5. ഏഴു ശബ്ബത്താണ്ട് എത്ര സംവത്സരമാണ്?
6. പാപം ചെയ്താൽ എത്ര മടങ്ങ് ശിക്ഷയാണ് കിട്ടുക?
7. ദശാംശ നിയമം പാസ്സാക്കിയ പുസ്തകമേത്?
8. സംഖ്യാ പുസ്തകം ആരംഭിക്കുന്ന ആണ്ട്?
9. യിസ്രായേലിന്റെ ഇടയിൽ എത്ര പാളയങ്ങൾ ഉണ്ടായിരുന്നു?
10. ലേവ്യർക്ക് പ്രധാന പ്രഭുവാര്?

## 2011 നവംബർ മാസത്തിലെ ഉത്തരങ്ങൾ

1. അദ്ധ്യായം 11
2. 8-ാം നാൾ, 12:1-3
3. പാളയത്തിനു പുറത്ത് 13:46
4. പുരോഹിതൻ 14:33
5. കോലാട്ടുകൊറ്റൻ 16:8
6. ഏഴാം മാസം പത്താം തീയതി 16:29
7. ദൈവം വിശുദ്ധനാകയാൽ 19:2
8. കാലാ പെറുക്കരുത് 19:9
9. കൂട്ടുവിത്ത് 19:19
10. സന്തതിയെ മോലെക്കിനു കൊടുത്താൽ 20:1,2

**കഴിഞ്ഞ ലക്കം ബൈബിൾ ക്വിസിന് ശരിയുത്തരം അയച്ചവർ**

നിർമ്മല. എം, ഡെയ്സി സ്പർജൻ - കൊട്ടാരക്കര

NB: ഒന്നിലധികം വിജയികൾ വന്നാൽ നറുക്കെടുപ്പിലൂടെയായിരിക്കും 1,2, സ്ഥാനക്കാരെ തിരഞ്ഞെടുക്കുക.

ഉത്തരങ്ങൾ എല്ലാ മാസവും 30-ാം തീയതിക്കു മുൻപായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ജീവകാരുണ്യം പത്രം സംബന്ധിച്ചുള്ള അന്വേഷണങ്ങൾക്ക് ബന്ധപ്പെടുക: 9495124997**

Printed, Published and owned by John Chacko, B. No. 22, Kudavoor P.O., Thonnackal, Trivandrum
and printed at Press Sivananda, Oottukuzhy, Panavila Road, G.P.O., Trivandrum - 1. Published at Flat 260, Rajaji Nagar, Trivandrum - 1. Editor : J. C. Parakkadavil